# നിവർന്നു നില്ക്കാറായി

(ഒരു നാടകം)

1737
1299

NATIONAL BOOK STALL
TRIVANDRUM-1

വി. ടി. ഇന്ദുചൂഡൻ

രണ്ടാംപതിപ്പ്
കോപ്പി 1000

വില: 0—12—0
(75 നയാപൈസ)

പകർപ്പവകാശം: ഗ്രന്ഥകർത്താവിന്ന്.

പ്രസാധകന്മാർ:
**വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.**

1957 ജൂൺ.

---

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

1737
1299

# കഥാപാത്രങ്ങൾ

---

1. കുഞ്ഞൻപണിക്കർ:—ഒരു വൃദ്ധനായ കൃഷിക്കാരൻ.
2. അമ്മു:—പണിക്കരുടെ മകൾ.
3. വാസു:—അമ്മുവിൻെറ കാമുകൻ.
4. മത്തായി:—ഒരു ജന്മിയും കച്ചവടക്കാരനും.
5. കരുണാകരമേനോൻ:—എം. എൽ. എ.
6. അന്തോണി:—മത്തായിയുടെ കാര്യസ്ഥൻ.
7. ചാക്കപ്പൻ:—മത്തായിയുടെ വേലക്കാരൻ.
8. കിട്ടുണ്ണി:—കരുണാകരമേനോൻെറ വേലക്കാരൻ.

★

1737
12989

# നിവർന്നു നില്ക്കാറായി

## രംഗം 1.

[കുഞ്ഞൻപണിക്കരുടെ വീടിന്റെ ഉമ്മറം. ഒരു പൊളിഞ്ഞ കയറുകട്ടിൽ. ചുമരിന്മേൽ കെട്ടിയിരിക്കുന്ന അഴയിൽ അഞ്ചാറു മുഷിഞ്ഞ തുണി; ചില ഹിന്ദുദൈവങ്ങളുടെ പടങ്ങൾ തൂക്കിയിട്ടുണ്ട്. പണിക്കർ കട്ടിലിന്മേൽ ഒരു പഴയ ജ്യോതിഷഗ്രന്ഥവും വായിച്ചിരിക്കുകയാണ്. 55–60 വയസ്സു പ്രായം. നരയും കഷണ്ടിയും കയറിയ തല. കൂനി വളഞ്ഞ ശരീരം. ക്ഷൗരം കഴിഞ്ഞിട്ടു കുറച്ചാഴ്ചകളായി എന്നു തോന്നുന്നു; വെളുത്ത രോമങ്ങൾ സാമാന്യം നീളത്തിൽ വളർന്നിട്ടുണ്ട്. മുട്ടുവരെ ഇറങ്ങുന്ന ഒരു മുണ്ടുമാത്രമാണ് ഉടുത്തിട്ടുള്ളൂ. നെററിയിലും, മാറിടത്തിലും, കൈകാലുകളിന്മേലും ഭസ്മവും ചന്ദനവും പൂശിയിരിക്കുന്നു. നാസാഗ്രത്തിൽ വെച്ചിട്ടുള്ള ഒരു തുരുമ്പു പിടിച്ച കണ്ണട ഒരു നൂൽകൊണ്ട് തലയുടെ പിൻഭാഗത്ത് പിടിച്ചു കെട്ടിയിരിക്കുന്നു. സമയം ഉച്ചതിരിഞ്ഞിട്ട് 3 മണി]

പണിക്കർ: (ഒരു ശ്ലോകം വായിക്കുന്നു)

"മൂലം മൂലഗതം ഫലം ക്ഷിതിരുഹം സ്വംച വല്ല്യാദികം.
ധാതുർമ്മൂലഗതോഗളംച വസനം ശ്രുഷ്ണംച കഷ്ഠാദികം
സ്വംച കഥിതം വിദഗ്ധമനലേ ജിവോഥ മൂലോദ്ഭവോ·
ജന്തുർവൃക്ഷകൃതസ്ത്രുദരഗൃഹോനിഢംച ഗോഷ്ഠാദികം."

(ഒരുവരി ആവർത്തിച്ചു ചൊല്ലുന്നു.)

"സര്വ്വം ച കഥിതം വിദഗ്ദ്ധമനലേ ജീവോത്ഥമൂലോദ്ഭവോ........"

(കുറച്ചുറക്കെ ആത്മഗതം) അതു് ശരി. അങ്ങനെയാണല്ലേ........?

(ആവര്ത്തിച്ചു ചൊല്ലുന്നു)

"ജന്തുര്വ്വൃക്ഷകൃതസ്ത്രുദരഗൃഹോന്നീഡം ച ഗോഷ്ഠാദികം"

(ആലോചിച്ചു് കുറച്ചൊക്കെ ആത്മഗതം) അതു് ശരി. മനസ്സിലായി. മൂലരാശിയില് മൂലനവാംശകവും മൂലനക്ഷത്രവും മൂലഗ്രഹവും വന്നാല് ഭൂമിയില് മുളച്ചുണ്ടാവുന്ന സാധനങ്ങള് പോയിരിക്കുന്നുവെന്നു് കരുതണം; അല്ലേ? അതു് ശരി. (പിന്നേയും ആലോചിച്ചു്) മൂലരാശിയില് ധാതുനവാംശകവും ധാതുനക്ഷത്രവും, ധാതുഗ്രഹവും വന്നാല് ശര്ക്കരയും, വസ്ത്രവും, മരവും, വേവിച്ച സാധനങ്ങളും പോയിരിക്കുന്നുവെന്നു് പറയണം; അല്ലേ? അതു ശരി. (വീണ്ടും ആലോചിച്ചു്) "ജന്തുര്വ്വൃക്ഷകൃതസ്ത്രുദരഗൃഹോ.." എന്നാണു്; അല്ലേ? മൂലരാശിയില് ജീവനവാംശകവും ജീവനക്ഷത്രവും ജീവഗ്രഹവും വന്നാല് ജന്തുവും, തൊഴുത്തു മുതലായവയും പോയിരിക്കുന്നുവെന്നു് പറയണം; അതു ശരി........(അടുത്തുവെച്ചിരിക്കുന്ന ഒരു മരപ്പെട്ടി തുറന്നു് വെററിലമേല് ചുണ്ണാമ്പു തേച്ചുകൊണ്ടു് പിന്നേയും വായിക്കുന്നു.)

"ജീവോ ജീവഗതോഗജാദ്യുപരിഗോബാലാദികം വാവഹന്........"

(പുറത്തു് ഒരു ശബ്ദംകേട്ടു് തല ഉയര്ത്തിനോക്കുന്നു. എന്തോ അല്പം പരിഭ്രമത്തോടുകൂടി) അല്ലാ. ഇതാരാണു്? അന്തോണ്യാശ്ശയല്ലേ? (ഗ്രന്ഥം താഴെ വെച്ചു് എഴുന്നേല്ക്കുന്നു.)

(അന്തോണി പ്രവേശിക്കുന്നു. കറുത്ത് മെലിഞ്ഞ 45 വയസ്സ് പ്രായമായ ഒരു മനുഷ്യൻ. കഷണ്ടികയറാൻ തുടങ്ങിയ തല. ഷർട്ട് ഇട്ടിട്ടില്ല. ഒരു മേൽമുണ്ടു മാത്രം ചുമലിലിട്ടിട്ടുണ്ട്. മടിയിൽ ഒരു പേഴ്സ്, മുറുക്കാൻപൊതി, താക്കോൽക്കൂട്ടം. കക്ഷത്തിൽ ഒരു കുട. കാലിൽ ഒരു പഴയ കീറിയ ചെരിപ്പ്, കഴുത്തിൽ കൊന്ത)

പണിക്കർ: ചായകാച്ചാൻ പറയട്ടെ. (ഉറക്കെ വിളിക്കുന്നു) അമ്മൂ, അമ്മൂ!.......പണ്ടാരം വെയ്ക്കാൻ! ഈ പെണ്ണ് ഏത് പാതാളത്തിൽപോയി കുത്തിരിക്ക്യാണ്! (അടുത്തിരിക്കുന്ന ഒരു വടി എടുത്തു കുത്തിപ്പിടിച്ച് കൂനി അടുക്കള വാതില്ക്കലേക്കു ചെല്ലുന്നു) അമ്മൂ, എടീ അമ്മൂ! (അമ്മു ദൂരെ നിന്നു വിളികേൾക്കുന്നു)

അന്തോണി: വേണ്ട പണിക്കരേച്ചോ ചായ വേണ്ട.

പണിക്കർ: (തിരിഞ്ഞു നിന്നു്) ഏ? വേണ്ടാന്നോ? അതെന്താ?

അന്തോണി: വേണ്ട ഞാനിപ്പോൾത്തന്നെ ചായ കുടിച്ചു.

പണിക്കർ: എന്നാലും വെയിലത്തു നടന്നു തളർന്നതല്ലേ, ഒരു ഗ്ലാസ്സുകൂടി കഴിക്ക്യാ.

അന്തോണി: വേണ്ട ചായ കുടിച്ചാല് ദാഹം വർദ്ധിക്ക്യേള്ളു.

പണിക്കർ: അത് ശര്യാ. വല്ലാത്ത വെയില്, അല്ലേ, അന്തോണ്യാല്ലേ? ഈ തിരുവാതിര ഞാറ്റുവേലക്കാലത്ത് ഇങ്ങനെയൊരു വെയില്, ഞാൻ ഇതിനു മുമ്പ് കണ്ടിട്ടില്ല. കൃഷി മുഴുവൻ നാശായി. കലികാലല്ലേ? എങ്ങിന്യാ നേര്യാവാ?

(അമ്മു വാതില്ക്കൽ പ്രത്യക്ഷപ്പെടുന്നു. 18-20 വയസ്സ് പ്രായമായ ഒരു പെൺകുട്ടി. ഉയരം കുറഞ്ഞ ശരീരം, ഇരുനിറം. ഭംഗിയുള്ള മുഖം, നീണ്ട കറുത്ത തലമുടി പിന്നിലഴിച്ചിട്ടിരിക്കുന്നു. പറയത്തക്ക യാതൊരാഭരണങ്ങളുമില്ല. സാധാരണ മട്ടിൽ വേഷധാരണം, കീറി മുഷിഞ്ഞ മുണ്ടും ബ്ളൗസും)

അമ്മു: അച്ഛൻ എന്താ എന്നെ വിളിച്ചത്?

പണിക്കർ: (അമ്മുവിൻെറ നേരെ തിരിഞ്ഞ്) നിയ്യ് ഏതു പാതാളത്തിപ്പോയി കുത്തിരിക്ക്യാന്നെടി?

അമ്മു: ഞാൻ പറമ്പിലിണ്ടാന്നു.

പണിക്കർ: ഹും! വിളിച്ചു വിളിച്ചു തൊണ്ടപൊട്ടിന്ന്.... അന്തോണ്യാപ്ലക്ക് ചായ കാച്ചാൻ വിളിച്ചതാണ്.

അന്തോണി: (അമ്മുവിൻെറ നേരെ ഒരു നോട്ടം എറിഞ്ഞുകൊണ്ട്) എനിക്കു ചായ വേണ്ട പണിക്കരച്ചോ!

പണിക്കർ: അങ്ങനെ കുടിക്കില്ലാന്ന് നിർബ്ബന്ധാണെങ്കിൽ വേണ്ട (അമ്മു പോകുന്നു). പിന്നെ..........അന്തോണ്യാപ്ല ഈ വെയിലത്ത് എന്തേ പുറപ്പെട്ടത്? ഞാൻ അങ്ങോട്ടു വരണംന്ന് വിചാരിക്കാൻ തുടങ്ങിട്ട് കുറച്ചുദിവസായി. ഈ കൂനം വച്ചോണ്ട് നടക്കാൻ വയ്യ. എൻെറ 30 വയസ്സിൽ തുടങ്ങിതാണിക്കൂന്. ജാതകവശാൽ ഒരു കുജരാഹുസന്ധിണ്ടാന്നു. പിന്നെ വരാനുള്ളതു തടുത്താ നില്ക്കോ? അന്നൊക്കെ ഒരു വടിയും കുത്തിപ്പിടിച്ച് ഒരുവിധം നല്ലോണം നടക്കാന്നു. വയസ്സായപ്പോൾ തീരെ നടക്കാൻ വയ്യാണ്ടായി. അടുത്ത മകരത്തില് 59 തികയും എനിക്ക്. എപ്പഴാണ് അങ്ങോട്ട് തിരിച്ചുവിളിക്ക്യാന്ന് നോക്കിക്കൊണ്ടിരിക്ക്യാണ് ഞാൻ.

അന്തോണി: എങ്ങോട്ട്?

പണിക്കർ: അങ്ങോട്ടേയ്. അദ്ദേഹത്തിൻെറ അടുത്തെക്കേയ്.

അന്തോണി: (പിന്നേയും മനസ്സിലാകാതെ) ആരുടെ?

പണിക്കർ: (കൈകറം മേല്പോട്ടുയർത്തി) അദ്ദേഹത്തിൻേറയ്. സാക്ഷാൽ ജഗദീശ്വരൻെറ........അതു പോകട്ടെ. അന്തോണ്യാപ്ല എന്തേ പോന്നത്?

അന്തോണി: പണിക്കരച്ചനോട് മുതലാളി ഒന്നത്രത്തോളം ചെല്ലാൻ പറഞ്ഞു.

പണിക്കർ: (ആലോചിച്ച്, പതിഞ്ഞ സ്വരത്തിൽ) ഇതെന്തിനാണന്തോണ്യാപ്ലേ?

അന്തോണി: എന്തിനാണെന്ന് എനിക്കു പുടീല്ല.

പണിക്കർ: അന്തോണ്യാപ്ല അറിയാണ്ടിരിക്കില്ല; അറിവുണ്ടാവും.

അന്തോണി: ഇല്യാന്നേയ്, എന്തിനാ ഏതിനാ എന്നൊന്നും ഞാൻ ചോദിച്ചില്ല, പണിക്കരച്ചോ. മുതലാളി പറയണതു് അനുസരിക്കലല്ലേ കാര്യസ്ഥൻെറ പ്രവർത്തി? പണിക്കരച്ചനോട് ഒന്ന് അത്രത്തോളം ചെല്ലാൻ പറയാൻ മുതലാളി പറഞ്ഞു, ഞാനതു ഇവിടെ വന്നു പറഞ്ഞു........എന്താ പണിക്കരച്ചോ, ഞാൻ പറേണേല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ: അതു ശരിയാണ്. എന്നാലും അന്തോണ്യാപ്ലക്ക് വിവരമില്ലാണ്ടിരിയ്ക്കില്ല. മുതലാളി എന്തുണ്ടെങ്കിലും അന്തോണ്യാപ്ലയോടു പറയും.

അന്തോണി: പണിക്കരച്ചൻ തന്ന്യാണ് എനിക്കു പുടി

ല്ല്യാ. പുടില്ലാത്ത കാര്യങ്ങളേ, പറയാൻ ശ്രമിക്കരുതും. ഞാൻ പറേണേല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ: (ആലോചിച്ചിട്ട്) ആ പണത്തിൻെറ സംഗതി പറയാനാവും മുതലാളി വിളിക്കണത്. അല്ലേ? എൻെറ അന്തോണ്യാല്ലേ. അതു ഞാൻ ഈ വഷം തികയുന്നതിന്നുമുമ്പുതന്നെ തീത്തേക്കാം. ആയുസ്സിനിടയ്ക്ക് എനിയ്ക്ക് ഇങ്ങനൊരു പററു പററീട്ടില്ല. കാണാനും കുടുംബം നോക്കാനുംകൂടിണ്ടാന്ന ഒരു ചെക്കനാണ്. അവനോട്ട ഞാൻ അന്ന് എത്ര പറഞ്ഞു, അരുത് അരുതേന്ന്. അവൻ കേട്ടില്ല. ഏഴെട്ടുകൊല്ലം മുമ്പ് കാങ്ഗ്രസ്സിൻെറ കരടിപിടിടീണ്ടാന്നില്ല്യേ? ചെക്കൻ അതിൻെറടയ്ക്ക് ഒരുവഷം ജേലിപ്പോയി. പൊറത്ത് വന്ന് അർനസ്സ് പിടിച്ചു മരിച്ചു. നാണിയ്ക്കു-എൻെറ ഭായ്യേയ്ക്കു്-അതിന്നിടയ്ക്ക് ഒരു ജ്വരപ്പനീം. കല്യാണസൌഗന്ധികം തുള്ളല് പോലെത്തെ തുള്ളല് തന്നെ, തള്ള. കട്ടവിൽ അവളേയുംകൊണ്ടുപോയി അദ്ദേഹം. കൃഷി നടക്കാനാളില്ല്യാണ്ട് പാട്ടബാക്കി വന്നപ്പോഠം അഞ്ചാറേക്ര ഭൂമിണ്ടാന്നതു് തമ്പുരാൻ തിരിച്ചുവാങ്ങിച്ചു. എനിയ്ക്കീക്കുന്നംവെച്ചോണ്ട് പാടത്ത് പണിട്ക്കാനാവില്ല. ആകെ കുഴപ്പത്തിലായപ്പോഴാണ് മുതലാളിയോട്ട് രൂപാ കടം വാങ്ങിയതു്.

അന്തോണി: അതൊന്നും പറഞ്ഞിട്ട് കാര്യല്യലോ.

പണിക്കർ: ഇല്ല്യ, ഇല്ല്യാ കക്കടകലംല്ലായിരുന്നു. എത്ര പറഞ്ഞാലും പിടിച്ചാക്കീട്ടോ? കിട്ടില്ല്യ. ആരു തടഞ്ഞാലും നിക്കോ, നിക്കില്ല്യ.

അന്തോണി: അതല്ല, പണിക്കരച്ചോ. പഴയ പുരാണം പറഞ്ഞിട്ടെന്തു കാര്യം? കടം വാങ്ങിച്ച വഹ മടക്കികൊടുക്കണ്ടേ? എന്താ ഞാൻ പറേണേല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ: അന്തോണ്യാപ്ല പറേണതു ശരിയാണ്. പണം ഞാൻ എങ്ങിനെയെങ്കിലും മടക്കിത്തരാം. എന്റെ വാക്ക വിശ്വസിയ്ക്കു.

അന്തോണി: ഇതൊക്കെ, പണിക്കരച്ചോ, എന്നോടു പറഞ്ഞിട്ടെന്തുകാര്യം? ഞാൻ വെറും കാര്യസ്ഥൻ. മുതലാളി പറഞ്ഞത് അനുസരിയ്ക്കല്ലാതെ വേറെ വല്ലോം ചെയ്യാനൊക്കൊ? എന്താ, ഞാൻ പറേണേല് വല്ല മിഷ്ട്ടേക്കുണ്ടോ?

പണിക്കർ: (ഒരു ദീർഘനിശ്വാസത്തോടെ) ഹ്ഹം...........വിധിപോലെ വരട്ടെ! അല്ലാണ്ടെന്തു ചെയ്യും? ഹ്ഹം....ഞാൻ നാളെ അങ്ങോട്ടു വന്നോളാമെന്നു പറയൂ, അന്തോണ്യാപ്ലേ.

അന്തോണി: എന്നാൽ ഞാൻ പോകട്ടെ........ആ മേത്തലപ്പാടത്ത് കൊറെ പണിചെയ്യിയ്ക്കാനുണ്ട്....(കുടയും കക്ഷത്തിൽവെച്ച് പോകുന്നു. പണിക്കർ വടിയും കുത്തിപ്പിടിച്ച് അന്തോണിയുടെ പുറകെ പടിവരെ പോകുന്നു.)

## രംഗം 2.

(കുഞ്ഞൻ പണിക്കരുടെ വീടിൻെറ അടുത്തുള്ള ഒരു ക്ഷേത്രപരിസരം. സമയം,-മദ്ധ്യാഹ്നം: അമ്മുവും വാസുവും സംസാരിച്ചുകൊണ്ടു നിൽക്കുന്നു. വാസു ഏതാണ്ട് 25 വയസ്സ് പ്രായംതോന്നിക്കുന്ന സുമുഖനായ ഒരു ചെറുപ്പക്കാരനാണ്. ഇരുനിറം. സാമാന്യം ഉയരമുള്ള ശരീരം. ഒരു കള്ളിമുണ്ടും, ബനിയനും ധരിച്ചിരിക്കുന്നു. അമ്മുവിൻെറ വേഷം ഒന്നാംരംഗത്തിലേതുപോലെതന്നെ.)

വാസു: (അമ്മുവിനെ ആപാദചൂഡം നോക്കി) ഇതെന്തു വേഷമമ്മൂ, മുഷിഞ്ഞു കീറിപ്പറിഞ്ഞു?

അമ്മു: അടുപ്പിൻെറ കടയ്ക്കല് അലക്കിയതു് ഉടുത്തോണ്ടു് ഇരിയ്ക്കാൻ പററില്ല.

വാസു: അമ്മുവിൻെറ വേഷം കണ്ടാൽ അമേരിയ്ക്കക്കാരുടെ ഭാഗത്തുചേന്നു് യുദ്ധംചെയ്തു ഓടിയതുപോലെ തോന്നും!

അമ്മു: നിങ്ങളു് ജേലിന്നു് വന്നപ്പോഠം ഒന്നു തടിച്ചു വെളുത്തിട്ടുണ്ടു്.

വാസു: (പരിഹാസസ്വരത്തിൽ) ആ! ജേലില് സുഖമാണ്. ഭക്ഷണം കിട്ടും. ധാരാളം കൂട്ടുകാരുമുണ്ടു്. പിന്നെന്താ? ഇടയ്ക്കിടയ്ക്കു് ഒരൌൺസ്‌വിതം പ്രഹരാദികഷായം കുടിയ്ക്കണം.

അമ്മു: ജേലില് കയ്യുംകാലും ചങ്ങലകെട്ടിപ്പൂട്ടി ഇടുമോ?

വാസു: ഇടയ്ക്കുതുമുണ്ടു്. സാധാരണ മുറിയിലടയ്ക്കലേയുള്ളു.

അമ്മു: എന്റെ ആങ്ങള ജേലിപ്പോയിട്ടുണ്ട്; പണ്ടാണ്. എനിയ്ക്കോർമ്മയില്ല 10—12 വയസ്സേ ഉണ്ടാറുള്ളൂ, എനിയ്ക്ക്.

വാസു: അന്നു കോൺഗ്രസ്സിൽച്ചേർന്നുപോയതല്ലേ? അന്നൊക്കെ സുഖായിരുന്നു.

അമ്മു: നിങ്ങള് ജേലിലാന്നപ്പോഠം രണ്ടു മൂന്നു മാസം ഞാൻ കഴിച്ചുകൂട്ടിയത് ആലോചിയ്ക്കാൻ വയ്യാ! ഇവടങ്ങളിലൊക്കെപ്പറേണതു കേട്ടു, നിങ്ങളെത്തല്ലിക്കൊന്നൂന്ന്.

വാസു: തല്ലി, ചത്തില്ല. ഞാനങ്ങനെ എളുപ്പത്തിൽ ചാകില്ല.

അമ്മു: എന്റെ നെഞ്ഞു കത്തി അത് കേട്ടപ്പോഠം. അഞ്ചാറു ദിവസത്തേയ്ക്ക് ഞാൻ കണ്ണിന്റെ പോള കൂട്ടീട്ടില്ല, ഒരു ദിവസം ഒരു ഭയങ്കര സ്വപ്നം കണ്ടു.

വാസു: എന്താത്?

അമ്മു: അതു പറയേണ്ട, ഭയങ്കരാ. എനിയ്ക്കോക്കാൻ വയ്യ! ഞാൻ നിങ്ങടെ അമ്മേടെ അടുത്തു പോയപ്പോഠം അമ്മ എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു. ഞങ്ങളൊക്കെ കണക്കാക്കീത് നിങ്ങള് ചത്തൂന്നാണ്. എന്റെ ഗുരുവായൂരപ്പാ! എനിയ്ക്കു കരച്ചില് വന്നു.....

വാസു: അമ്മൂന്റെ അച്ഛനെന്തു പറഞ്ഞു?

അമ്മു: അച്ഛൻ നിങ്ങളെ ശകാരിച്ചു. നിങ്ങള് വേണ്ടാസനത്തിന് പോയിട്ടാണ് ജേലില് പിടിച്ചോണ്ടുപോയതെന്നു പറഞ്ഞു.... ഇനി എങ്ങും പോണ്ട. കമ്മൂണിഷ്ട് ഒന്നും വേണ്ട.

വാസു: എൻറമ്മൂ ഞാൻ കമ്മ്യൂണിസ്റ്റ്മല്ല ക്രിസ്റ്റ്യ'മല്ല. കാര്യസ്ഥൻ ശങ്കുനായരു് തല്ലാൻ വന്നതിനെപ്പററി ഹർജി കൊടുത്തതിൻെറ ദേഷ്യം തിക്കാനല്ലേ എന്നെ ജേലിലിടിച്ചതു്....

അമ്മു: എന്തായാലും ഞ്ഞി ജേലിലൊന്നും പോണ്ട. എനിയ്ക്ക്ങ്ങനെ കാത്തിരിയ്ക്കാൻ വയ്യ.... (അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം) നിങ്ങാ അച്ഛനോടു പറഞ്ഞോ?

വാസു: എന്തു്?

അമ്മു: മറേറകാര്യം........

വാസു: ഏതു കാര്യം?.......

അമ്മു: മറേറ കാര്യം........

വാസു: ഏതു കാര്യം, അമ്മൂ?

അമ്മു: നിങ്ങള് പറയാംന്നു പറഞ്ഞ കാര്യം........

വാസു: ഞാനെന്തു പറയാമെന്നു പറഞ്ഞു?

അമ്മു: നിങ്ങള് പറയാമെന്നു പറഞ്ഞില്ലേ ഒരു കാര്യം?

വാസു: എന്തു് കാര്യം?

അമ്മു: (ശുണ്ഠിപിടിച്ചു്) മണ്ണാങ്കട്ട!........

വാസു: (ചിരിച്ചുകൊണ്ടു്) അമ്മു ശുണ്ഠിയെടുക്കാണ്ടു് സംഗതി തുറന്നു പറയൂ. 'മറേറ കാര്യം' 'മറേറ കാര്യം'ന്നു് പറഞ്ഞാല്, എനിയ്ക്കു് ഓർമ്മയില്ല.

അമ്മു: (ചെറിയ കല്ലെടുത്തു് വാസുവിൻെറ നേരെ എറിഞ്ഞുകൊണ്ടു്) ഓർമ്മേല്യാത്രേ, നൊണയൻ!........

വാസു: ഞാൻ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ടാവും.

അമ്മു: ജേലില് പോയതിൻെറ രണ്ടു ദിവസം മുമ്പു് ഇവിടെ വെച്ചു പറഞ്ഞതേയ്.

വാസു: എന്താണത്?

അമ്മു: (അധോമുഖിയായി) കല്യാണത്തിൻെറ കാൎയ്യം.

വാസു: (ചിരിച്ചുകൊണ്ട്) ഓഹോ, അതോ?

അമ്മു: (പരിഹാസസ്വരത്തിൽ അനുകരിച്ചുകൊണ്ട്) ഹോ ഹോ! അതോ, ഇപ്പോ ഓൎമ്മ വന്നോ?

വാസു: ഓൎമ്മ വന്നു. ഞാനത് പറയേണ്ടേന്നു വച്ചു ............നമ്മുടെ കല്യാണം വേണ്ടെന്നു വെയ്ക്കുകയാണ് ഭേദം.

അമ്മു: (ഉല്കണ്ഠ നിറഞ്ഞ സ്വരത്തിൽ) അതെന്താ ഇപ്പോ ഴിങ്ങനെ പറേണത്?

വാസു: വേണ്ട........

അമ്മു: ഉം?

വാസു: അമ്മൂന് എൻെറ കൂടെ ജിവിയ്ക്കാൻ പററില്ല.

അമ്മു: ജീവിയ്ക്കാൻ പററില്ലേ?

വാസു: ഇല്ല. എനിയ്ക്കു ഒരു തകരാറുണ്ട്.

അമ്മു: അതെന്താ?

വാസു: അതു പറയേണ്ട....

അമ്മു: എന്തു തകരാറുണ്ടെങ്കിലും ഞാൻ സഹിച്ചോളാം.

വാസു: അമ്മൂന് സഹിയ്ക്കാൻ പററില്ല.

അമ്മു; (ദയനീയസ്വരത്തിൽ) ഇങ്ങിനെ എന്നെ കളിപ്പി യ്ക്കല്ലേ! കാൎയ്യം തുറന്നു പറയൂ.

വാസു: ഞാൻ പറയാം. ഞാൻ........ (നിൎത്തുന്നു. അമ്മു ഉല്കണ്ഠയോടുകൂടി ശ്രദ്ധിച്ചു നില്ക്കുന്നു) ഞാൻ രാത്രി....ഭയങ്കരമായി....കൂൎക്കം വലിയ്ക്കും! അമ്മൂന് അതു സഹിച്ചു ഉറങ്ങാനാവില്ല.

അമ്മു: (മൂക്കിന്മേൽ വിരൽ വെച്ച് പൊട്ടിച്ചിരിച്ചുകൊണ്ട്) കഷ്ടം! എന്നെ ഇങ്ങിനെ പേടിപ്പിയ്ക്കരുത് കേട്ടോ. നിങ്ങൾ പറയാൻ തുടങ്ങിയപ്പോൾ എന്തൊക്കെയോ വിചാരിച്ച് എന്റെ നെഞ്ഞു കത്തി. കളി കളയ്യുന്നു! നിങ്ങൾ അച്ഛനോടു പറയാമോ?

വാസു: പറയാം, അച്ഛൻ സമ്മതിച്ചില്ലെങ്കിലോ?

അമ്മു: സമ്മതിയ്ക്കാതിരിയ്ക്കുമോ?

വാസു: എങ്ങിനെ നിശ്ചയിയ്ക്കാം? സമ്മതിച്ചില്ലെങ്കിൽ?

അമ്മു: സമ്മതിച്ചില്ലെങ്കിൽ അതപ്പോളാലോചിയ്ക്കാം.

വാസു: അമ്മുവിന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെ.

അമ്മു: (അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം) അച്ഛനിപ്പോൾ ആകപ്പാടെ വ്യസനിച്ചിരിയ്ക്കയാണ്.

വാസു: അതെന്തിനാണ്?

അമ്മു: ഒരു മത്തായി മാപ്പ്ലയില്ലേ? അയാക്ക് കുറേ ഉറുപ്പാ കടം വീട്ടാനുണ്ട്. 600 ഉറുപ്പാ അയാൾ തന്നു 800 ഉറുപ്പായ്ക്ക് അച്ഛന്റെ കയ്യീന്ന് നോട്ട് എഴുതി വാങ്ങിച്ചു. കൊല്ലം അഞ്ചാറായി. ഇപ്പോൾ പലിശയും പലിശയ്ക്കു പലിശയും ആയിട്ട് ആയിരത്തിൽച്ചില്വാനം ഉറുപ്പ കൊടുക്കാനുണ്ട്.

വാസു: ആ മത്തായിമാപ്പ്ലയോടു പോയി മരിയ്ക്കാൻ പറ, അമ്മു.

അമ്മു: അയാള് പൊരേം പറമ്പും ഒഴിപ്പിയ്ക്കാൻ വന്നെങ്കിലോ എന്നാണ് അച്ഛന്റെ പേടി.

വാസു: ഒഴിപ്പിയ്ക്കാൻ വന്നാൽ ഒഴിയണ്ടാ.

അമ്മു: ഒഴിയാണ്ട് ഒക്കോ?

വാസു: എന്താ ഒത്താല്?

അമ്മു: പെരേം പറമ്പും അയാക്ക് പണയം എഴുതീതാണ്.

വാസു: പണയം! പിണ്ണാക്കാണ്! പെരേന്നൊഴിപ്പിച്ചാല് മനുഷ്യക്ക് പബ്ലിക്ക് നിരത്തില് ജീവിയ്ക്കാനൊക്കെംാ? ഒഴിപ്പിയ്ക്കാൻ വന്നാൽ ഒഴിയരുത്.

അമ്മു: ആവോ.....എനിയ്ക്കൊന്നും അറിയില്ല.....നേരം പോയി. ഞാൻ പോകട്ടെ. അച്ഛൻ ചായ കാച്ചാൻ വിളിയ്ക്കും.

[രണ്ടു പേരും രണ്ടു വഴിയ്ക്കു പോകുന്നു.]

## രംഗം 3.

[മത്തായിയുടെ വീട്ടിൻെറ ഉമ്മറം. ഒരു ചാരുകസേര, രണ്ട മൂന്നു കസേരകൾ, ഒരു വട്ടമേശ. ചുമരിന്മേൽ, കുരിശിൽ തറയ്ക്കപ്പെട്ട ഒരു വലിയ പടം; കന്യാമറിയത്തിൻെറ മറെറാരു പടം; നെഹറു, പട്ടേൽ എന്നിവരുടെ ഫോട്ടോകൾ. സമയം വൈകുന്നേരം. മത്തായി ഒരു ചാരുകസേരയിൽ എന്തോ കുത്തിക്കുറിച്ചു കൊണ്ടിരിക്കുന്നു. വെളുത്ത് തടിച്ച് ഉയരം കുറഞ്ഞൊരു മനുഷ്യൻ. ഏതാണ്ട് 50 വയസ്സ് പ്രായം. തല, ക്ലോസ്ക്രോപ്പാണ്. രോമങ്ങൾ ധാരാളം നരച്ചുതുടങ്ങിയിരിക്കുന്നു. കുടവയർ ചാടിയിട്ടുണ്ട്. ഒരു ഖദർമുണ്ട് മാത്രമാണ് വേഷം. സ്വർണ്ണഫ്രെയിം ഉള്ള കണ്ണട വെച്ചിരിക്കുന്നു. കഴുത്തിൽ സ്വർണ്ണച്ചങ്ങലയിൽ കോർത്ത ഒരു കാശുരൂപം. കുഞ്ഞൻപണിക്കർ വടിയും കുത്തിപ്പിടിച്ച് പ്രവേശിച്ചു്, മത്തായിയുടെ ശ്രദ്ധയെ ആകർഷിക്കാൻ ഒന്നു ചുമക്കുന്നു. പണിക്കർ ഒരലക്കിയ മുണ്ടുടുത്തു് ഒരു മേൽമുണ്ട് അരയിൽ കെട്ടിയിരിക്കുന്നു.]

മത്തായി: (ചുമ കേട്ട് തലയുയർത്തി പണിക്കരെ ആപാദചൂഡം നോക്കി ഗൗരവസ്വരത്തിൽ) ഉം... പണിക്കരെച്ചനോ..

പണിക്കർ: (മുതുക് ഒന്നു നിവർത്താൻ ശ്രമിച്ചുകൊണ്ട്) ഞാനിങ്ങോട്ടു വരാൻ പുറപ്പെട്ടിട്ട് ദിവസം കുറച്ചായി. ഇന്ന്, നാളെ എന്നു വിചാരിച്ചുകഴിഞ്ഞു. ഈ കൂനും വച്ചോണ്ട് നടക്കാൻ വയ്യ. 30 വയസ്സില് തുടങ്ങീതാണ് ഈ കൂന്. ചികിത്സിക്കാൻ വളരെ പണം ചിലവിട്ടു. ഒരു ഫലവുമുണ്ടായില്ല. പാത്തിക്കിരി പറഞ്ഞു, 'ആപ്രേഷൻ' ചെയ്താൽ മുതുക് നിവരും എന്ന്. ഞാൻ പ

റഞ്ഞു വേണ്ടേന്നു്. എന്തിന്നു് തടി വെറുതെ കീറി മുറിയ്ക്കുന്നു. ജാതകത്തില് ഒരു കുജരാഹുസന്ധി നില്ക്കുമ്പോഴ് ആപ്രേഷനല്ലാ, ഈപ്രേഷൻ ചെയ്താലും കാര്യമുണ്ടാവില്ല....

മത്തായി: (പണിക്കരുടെ പ്രസംഗത്തിൽ വലിയ താല്പര്യമില്ലാതെ ഇടയ്ക്കു കയറി) പണിക്കരെച്ചനോട് ഞാൻ വരാൻ പറഞ്ഞത് ഒരു സംഗതി പറയാനാണ്.

പണിക്കർ: (ഉല്ക്കണ്ഠയോടെ) എന്താവോ, അത്....

മത്തായി: ആ പണത്തിൻെറ കാര്യം.... (തിരിഞ്ഞ്) അന്തോണ്യേ എടാ അന്തോണ്യേ! (അന്തോണി അകത്തുനിന്നു് വിളി കേൾക്കുന്നു.) ആ കണക്കുപുസ്തകം ഇങ്ങോട്ടെടുത്തോ.....(അന്തോണി ഒരു കയ്യിൽ ഒരു പുസ്തകവും മറേറ കയ്യിൽ പേനയും പിടിച്ച് പ്രവേശിയ്ക്കുന്നു.) പണിക്കരെച്ചൻെറ കണക്കൊന്നു് നോക്ക്യേ നിയ്യ്.

അന്തോണി: (കണ്ണട മൂക്കിന്മേൽ വെച്ച് പുസ്തകം മറിച്ചു നോക്കുന്നു.) ആയിരത്തി നാന്നൂററി എഴുപത്തൊന്നു റുപ്പാ...പതിനൊന്നണാ....ഒൻപത് പൈ ഉണ്ട്....ഏഴു കൊല്ലം....അഞ്ചരമാസത്തെ പലിശ കണക്കാക്കീട്ടുണ്ട്....

മത്തായി: അര മാസത്തെ പലിശ വിട്. അതങ്ങട് പോട്ടേ, അന്തോണ്യേ അതു കഴിച്ച് പറ.

അന്തോണി: ആയിരത്തി നാന്നൂററി അറുപതു റുപ്പാ.... ചില്വാനം വരും.

മത്തായി: ഉം... ആയിരത്തി നാന്നൂററി അറുപതു റുപ്പ എന്നു കണക്കാക്ക് (ഈ കണക്കു കൂട്ടൽ ഉല്ക്കണ്ഠയോടുകൂടി കേ

ട്ടു നിന്നിരുന്ന പണിക്കരുടെ നേരെ തിരിഞ്ഞു്) എന്താ നിങ്ങള് വിചാരിയ്ക്കുന്നത് പണിക്കരച്ചോ.

പണിക്കർ: അതു് ഞാനീവഷം തികയുന്നതിനുമുമ്പ് തീക്കും.

മത്തായി: ഇത് ഞാനെത്ര കേട്ടുകഴിഞ്ഞു പണിക്കരച്ചോ? നാളെ, നാളെ, നാളെന്നു് പറഞ്ഞ് കൊല്ലം ഏഴു കഴിഞ്ഞില്ലേ?

അന്തോണി: (പണിക്കരോട്) മുതലാളി കത്താവിനെ ഓത്ത് ഇതുവരെ മുണ്ടാണ്ടിരുന്നതാണ്. അല്ലെങ്കി ഇതിയ്ക്കുമുമ്പുതന്നെ വഹ ഈടാക്കാൻ മുതലാളിയ്ക്കറിയും. എന്താ പണിക്കരച്ചോ. ഞാൻ പറേണേല് വല്ല മിഷ്ടേക്കുണ്ടോ?

പണിക്കർ: അത് നിങ്ങള് പറയാണ്ടുതന്നെ എനിയ്ക്കറിയാം, അന്തോണ്യാപ്ലേ. ഒരു രണ്ടു മാസവുംകൂടി എനിയ്ക്കു് ഇട തരണം.

മത്തായി: (ഗൌരവത്തിൽ) അതൊന്നും പറഞ്ഞാ പററൂലാ. (കസേരയുടെ കയ്യിന്മേൽ ഇടിച്ചുകൊണ്ടു്) ഒരാഴ്ചക്കകെത്ത് എനിയ്ക്കു് വഹ കിട്ടണം!

പണിക്കർ: അയ്യോ, മുതലാളീ, അങ്ങിനെ പറയല്ലെ. രണ്ടു മാസത്തിനകത്തു് ഞാനെവിടന്നിന്നെങ്കിലും പണമുണ്ടാക്കിത്തരാം.

അന്തോണി: (പണിക്കരോട്) രണ്ടു മാസമല്ല, രണ്ടു കൊല്ലല്ല, ഏഴു കൊല്ലം മുതലാളി കാത്തിരുന്നു; ആ കാര്യം മറക്കരുത്. ഇനിയും കാത്തിരിയ്ക്കാൻ പറയണതില് മര്യാദയില്ല. എന്താ, പണിക്കരച്ചോ ഞാൻ പറേണേല് വല്ല മിഷ്ടേക്കുണ്ടോ?

പണിക്കർ: അതു് എനിക്ക് നല്ലോണംപോലെ ഓർമ്മയുണ്ട്, അന്തോണ്യാല്ലേ. ഏഴ കൊല്ലം കാത്ത സ്ഥിതിയ്ക്ക്, രണ്ടു മാസവുംകൂടി കാത്തിരിയ്ക്കണമെന്നാണെൻെറ അപേക്ഷ.......

അന്തോണി: അതിനർത്ഥല്യ. മുതലാളിയല്ല, വേറെ വല്ലോരും ആണേങ്കിൽ ഇതിയ്ക്ക് മുമ്പ് പണിക്കരെച്ചൻെറ 'അരണ്ടം കത്തിച്ചേ'നേ.

മത്തായി: ഇനി ഈ കളി ഒക്കില്ല ..അന്തോണ്യേയ്, നിയ്ക്ക് വക്കീലിനെ കണ്ടോ?

അന്തോണി: ഇല്ല.

മത്തായി: എന്നാല് ഇന്ന പോയി വക്കീലിനെ കാണണം. ഒരന്യായം ഫയലാക്കാൻ പറ.... ഉടൻ ജപ്തിക്ക്.

അന്തോണി: പറയാം.

പണിക്കർ: (നെഞ്ചത്ത് കൈ വെച്ച്) അയ്യോ മുതലാളീ, ചതിക്കല്ലേ. ഒന്നും പാടില്ലാത്ത ഈ കെളവനേം ഒരു പെങ്കിടാവിനേം പെരുവഴീലാക്കല്ലേ!

അന്തോണി: നിങ്ങളങ്ങിനെ പറയരുത് പണിക്കരെച്ചോ. കഞ്ഞി വെയ്ക്കാൻ കാശില്ലാണ്ട് തിരിയുന്ന നേരത്ത് സഹായിച്ചതാണ് മൊതലാളി. കൊല്ലം ഏഴ കാത്തിരുന്നു. അതു നിങ്ങള് മറക്കുന്നത് നന്ദികേടാണ്. എന്താ ഞാൻ പറേണേല് വല്ല മിഷ്ടേക്കുണ്ടോ, പണിക്കരച്ചോ?

മത്തായി: അതങ്ങന്യാടാ, അന്തോണ്യേയ്. അതു മനുഷേരുടെ സുഭാവാണ്. ഉപകാരം ചെയ്താല് അതു് ദോഷാണ്. ഒരു കെളവനും, കുഞ്ഞും പള്ള വെശന്നു് പൊരിയണ്ടാന്ന് കരുതി ഞാൻ പണം കൊടുത്തതാണ്.

പണിക്കർ: (ഇടയിൽക്കടന്നു്) അയ്യോ, അതൊന്നും ഞാനീ ജന്മം മറക്കില്ല്യ, മൊതലാളി. രണ്ടു മാസത്തെ എടകൂടി തരണമെന്നല്ലേ ഞാൻ പറഞ്ഞുള്ളു?

മത്തായി: (പണിക്കർ പറഞ്ഞതു് ശ്രദ്ധിയ്ക്കാതെ അന്തോണിയെ അഭിമുഖീകരിച്ചുകൊണ്ടുതന്നെ തുടരുന്നു.) ഉപകാരം ചെയ്താല് നന്ദിയില്ലെങ്കിൽ എന്തു ചെയ്യും?....

പണിക്കർ: അയ്യോ, മുതലാളീ, ഉപകാരം ചെയ്തതു് ഒരു കാലത്തും മറക്കുന്നോനല്ല്യ, ഞാൻ.

അന്തോണി: മറക്കുന്നോനല്ലെങ്കിൽ പിന്നെ നിങ്ങളാ വാക്കു പറയില്ല്യ, പണിക്കരച്ചോ!

പണിക്കർ: ഞാൻ തെററായിട്ടു് എന്തു പറഞ്ഞു അന്തോണ്യാപ്ലേ; ഞാനൊന്നും പറഞ്ഞില്ലല്ലോ?

അന്തോണി: മുതലാളി ഒരു കെളവനേം പെണ്ണിനേം പെരുവഴിയിൽ ഇറക്കുന്നൂന്നു് പറഞ്ഞില്ലേ, നിങ്ങള്? അങ്ങനെയൊന്നും മുള്ളുവാക്കു് പറയരുതു്. അതു് നന്ദികേടാണു്. എന്താ, ഞാൻ പറേണേല് വല്ല മിഷ്ടേക്കുണ്ടോ പണിക്കരച്ചോ?

മത്തായി: (അന്തോണിയെ നോക്കി) നീയൊന്നു് മുണ്ടാണ്ടിരി, അന്തോണി. ചെയ്ത്താൻെറ ചെവീല് വേദം വായിച്ചിട്ടെന്തു കാര്യം? ഇവററങ്ങളുമായിട്ടു് ഇനി മേലാക്കം എടവാടൊന്നും വേണ്ട. കഴിഞ്ഞതു കഴിഞ്ഞു. ഒരാഴ്ചക്കകത്തു് ഈ എടവാടു തീർത്തേയ്ക്കു്. നാളെത്തന്നെ അന്യായം ഫയലാക്കാൻ പറ.

പണിക്കർ: (നെഞ്ഞത്തു കൈ വെച്ച് ദയനീയമായി) ചതിയ്ക്കല്ലേ മൊതലാളി!

മത്തായി: മതി, മതി. പൊയ്ക്കോളൂ. . . .

[പണിക്കർ അല്പനേരവുംകൂടി നിന്ന് ദയനീയമായി തിരിഞ്ഞുനോക്കിക്കൊണ്ട് പോകുന്നു. അന്തോണി അകത്തേയ്ക്കും പോകുന്നു. മത്തായി കസേരയിൽ നീണ്ടുനിവന്നു കിടക്കുന്നു.]

## രംഗം 4.

(കുഞ്ഞൻപണിക്കരുടെ വീട്ടിൽ അടുക്കള. രാത്രി 8 മണി സമയം. കുഞ്ഞൻപണിക്കർ കഞ്ഞികുടിയ്ക്കാനിരിയ്ക്കുന്നു. അമ്മു വിളമ്പിക്കൊടുക്കുന്നു. കുഞ്ഞൻപണിക്കരുടെ വേഷം ഒന്നാംരംഗത്തിലെപ്പോലെത്തന്നെ. അമ്മു കുളിച്ച്, തല ചീകിയിട്ട്, കീറിയതെങ്കിലും വെളുത്ത വസ്ത്രം ഉടുത്തിരിയ്ക്കുന്നു.)

പണിക്കർ: (കഞ്ഞിവായിലൊഴിച്ച് ശബ്ദത്തോടുകൂടി തുപ്പിക്കൊണ്ട്) ഫൂ! ഫൂ! ഫൂ! എടീ അമ്മൂ, ഇതില് മുഴോനുണ്ടല്ലോ നെല്ലും കല്ലും!

അമ്മു: എത്രകൊഴിച്ചിട്ടും അരിച്ചിട്ടും പോണില്ല്യ. ഞാനെന്താ ചെയ്യാ? രണ്ടു ദിവസായി റേഷൻ കിട്ടീട്ട്; ഇന്നു കിട്ടിയതു് ഇങ്ങനത്തെയാണ്.

പണിക്കർ: കലികാല വൈഭവം! കലികാല വൈഭവം! അല്ലാണ്ടെന്താ? (കഞ്ഞിമോന്തുന്നു. അല്പനേരത്തെ നിശ്ശബ്ദത) എടീ കാര്യം തകരാറായല്ലോ! ഇനി എന്താ ചെയ്യാ നമ്മള്?

അമ്മു: എന്താണച്ഛാ?

പണിക്കർ: ആ മത്തായിമാപ്ല കാര്യം കേസാക്കി. ഇതുവരെ പട്ടിണിയാണെങ്കിലും കെടക്കാൻ ഒരു വീടുണ്ടാന്നു: ഞ്ഞി അതുല്ല്യാണ്ട്യാവാനാണ് യോഗം! ഞാൻ മൂന്നാലാൾടെ അടുത്ത് പണത്തിന് പോയി; ആരുടെ കയ്യിലൂല്ല്യാ കാശ്! ഇതൊക്കെ സഹിയ്ക്കേണ്ടി വന്നൂലോ ഈശ്വരാ! വല്ലവിധേനേം ചത്താ മത്യാന്നു. അതിന്

അദ്ദേഹം അങ്ങോട്ട് തിരിച്ചുവിളിയ്ക്കുന്നുല്ല. (കഞ്ഞി മോന്തുന്നു) എടീ, അമ്മു കുറച്ച് ചമ്മന്തീം കൂടി താ! (അമ്മു വിളമ്പിക്കൊടുക്കുന്നു) ഒരിററ് വെളിച്ചെണ്ണയുണ്ടോടീ ഇതിലൊഴിയ്ക്കാൻ? ചമ്മന്തില് വെളിച്ചെണ്ണയില്ലെങ്കിൽ കൊള്ളില്ല്യാ........

അമ്മു: വെളിച്ചെണ്ണ ഇല്ല്യ........

പണിക്കർ: പണ്ടാരം വെയ്ക്കാൻ എടീ മിനിയാന്നല്ലേ നാഴിവെളിച്ചെണ്ണ വാങ്ങിത്? ഇതെന്തു ചിലവാണ്.

അമ്മു: മിനിയാന്നല്ല, അച്ഛാ കഴിഞ്ഞാഴ്ചയാണ് വെളിച്ചെണ്ണ വാങ്ങിത്.

പണിക്കർ: എന്നാപ്പിന്നെ മിനിയാന്നെന്താ വാങ്ങീത്? മുളകായിരിയ്ക്കും, അല്ലേ?

അമ്മു: അതെ.

പണിക്കർ: (കഞ്ഞി മോന്തി ആലോചിച്ചുകൊണ്ടു്) ആ ചെക്കനെന്ന് ഒന്നരക്കൊല്ലം ജേലിപ്പോയിരുന്ന് ദീനോം പിടിച്ച് നമ്മളെ വിട്ടുപോയില്ലേ! കുടുംബം നോക്കാൻ ആളില്ലാണ്ടായ്ത്തീന്നു. എല്ലാം വെണ്ണീറായില്ലേ! ഞാൻ അന്ന് എത്ര പറഞ്ഞു കക്ഷിടകലഹ്ന്നാണ്; സൂക്ഷിക്കണം, സൂക്ഷിക്കണം എന്ന്. (കഞ്ഞി പിന്നേയും മോന്തുന്നു) അമ്മു ഇത്തിരി കഞ്ഞി കൂടിതാ. രുചി തോന്നണില്ല കുടിയ്ക്കാൻ! എന്തെങ്കിലുമാകട്ടെ, ചാകാണ്ട് കിടക്കണ്ടെ ദുരിതം അനുഭവിയ്ക്കാൻ. അമ്മു അടി എളുക്കാണ്ടെ എടുക്ക്, കല്ല് വീഴണ്ട (അമ്മു കഞ്ഞി വിളമ്പിക്കൊടുക്കുന്നു) ഒരു കയിലും കൂടി ഒഴിച്ചോ. രുചിയില്ല എന്നാലും എന്തെങ്കിലുമാകട്ടെ. മൂക്കുപൊത്തിപ്പിടിച്ചിട്ടങ്ങ്

ട്ട് മോന്തിക്കളയാം........ഒരു റാത്തൽ കിഴങ്ങ് വാങ്ങി പുഴങ്ങാർന്നില്ലേടീ അമ്മു?

അമ്മു: കെഴങ്ങ് റാത്തൽക്ക് 3ണയാണച്ഛാ.

പണിക്കർ: അയ്യോ! എന്നാവേണ്ടേയ്! മൂന്നണേയ്! ഗുരുവായൂരപ്പാ! രണ്ട് ശില്ലിക്ക് കിട്ട്യേന്ന സാധനാണ്! കലികാലം മൂത്തു (കഞ്ഞി മോന്തുന്നു) എനിയ്ക്ക് പിന്നേം എൻെറ ചെക്കൻെറ കാര്യം ഓത്തിട്ടാണ്. നല്ല—പള്ളങ്കപോലെ ഇരുന്നേന്ന ചെക്കൻ! നിനക്കവനെ ഓർമ്മയുണ്ടോ, അമ്മു?

അമ്മു: എനിയ്ക്ക് നല്ല ഓർമ്മയില്ല.

പണിക്കർ: നിനക്കന്നു പത്തു പന്ത്രണ്ട് വയസ്സേ ആയിട്ടുള്ളൂ. ഓർമ്മ ഉണ്ടാവില്ല.......ജീവിച്ചിരുന്ന് കുടുംബം നോക്കാൻ യോഗല്യ. എന്താ ചെയ്യാ! അവൻെറ മനസ്സങ്ങനെ ആയിപ്പോയ്. ഞാനവനെ ആക്ഷേപിക്ക്യല്ല, കേട്ടോ, അമ്മൂ; നീയ്യ് അങ്ങനെ ധരിക്കണ്ടാ. നല്ലോരു കാര്യത്തിനാണവൻ പോയത്. ഗാന്ധീടെക്കൂടെയല്ലേ. അവരങ്ങനെ ചെയ്തുകൊണ്ടാണല്ലോ ഇന്ന് നാട്ടിന് മേന്മവന്നത്. അവൻ അന്ന് ജേലിപ്പോയതോണ്ട് നമ്മുടെ കുടുംബത്തിനും എന്തെങ്കിലും ഗുണം ഉണ്ടാവില്ലാന്ന് വിചാരിക്കേണ്ട. (കഞ്ഞി മോന്തുന്നു) ഈ മത്തായി മാപ്ലേടെ കാര്യം എന്തു ചെയ്യും? അതാണിപ്പൊ കുഴപ്പം. 800 രൂപാ മുതലും അഞ്ഞൂററിചില്ലാനം രൂപാ പലിശയും ഉണ്ട്. ഞാനത് എവിടന്ന് കൊടുക്കും ദൈവമേ! കിടക്കാനൊരു വീടുംകൂടില്ലാണ്ടായാൽ........

അമ്മു: ഒഴിഞ്ഞു കൊടുക്കണ്ടാ എന്നു് പറേണ്ടല്ലോ. അച്ഛാ?

പണിക്കർ: ഒഴിഞ്ഞു കൊടുക്കണ്ടെ: ആരു പറഞ്ഞെടീ, ഇതു്?

അമ്മു: അങ്ങനെ ആളുകൾ പറയുന്നതു കേട്ടു.

പണിക്കർ: ഏതാളാടി ഇതു് പറഞ്ഞതു്?

അമ്മു: ചിലരങ്ങനെ പറയുന്നതു കേട്ടു. . . .

പണിക്കർ: ആരാടി, അമ്മൂ, ആ 'ചിലരു്'?

അമ്മു: ഒഴിപ്പിക്കാൻ വരുമ്പോൾ ഒഴിയാൻ കൂട്ടാക്കണ്ടാന്നു്.

പണിക്കർ: ഒഴിയാൻ കൂട്ടാക്കണ്ടാന്നോ? കൊള്ളാം! ഇനി ആ കുണ്ടാമണ്ടിയും കൂടിയേ വേണ്ടു. ബാക്കി എല്ലാം തികഞ്ഞു. ആരാടീ, അമ്മൂ, നിന്നോടിതു പറഞ്ഞതു്?

അമ്മു: (പരുങ്ങിക്കൊണ്ടു്) അങ്ങനെ ഇവടങ്ങളില് ചിലർ പറയുന്നതു കേട്ടു.

പണിക്കർ: (ക്ഷമകെട്ടു്) പിന്നെയും പറയും പെണ്ണു് 'ചിലരു്, 'ചിലരു്'ന്നു. ഇതു പറഞ്ഞോൾക്കു് പേരില്ലേടീ?

അമ്മു: (പതിഞ്ഞ സ്വരത്തിൽ) തെക്കേലെ വാസുനായരു് അങ്ങനെ പറയുന്നതു കേട്ടു.

പണിക്കർ: ഏ? ഏ? ആരു്? (അമ്മു ഒന്നും മിണ്ടുന്നില്ല.) ഏ? ആരു് പറഞ്ഞുന്നു്?

അമ്മു: (പരുങ്ങിക്കൊണ്ടു്) തെക്കേലെ വാസുനായരു്....

പണിക്കർ: വിശേഷായി! കഴുവിന്മേൽ കയറാൻ അവന്റെ കൂടെ നടന്നാൽ മതി. അവന്റെ 'കമ്മൂണിസ്റ്റ്'

ഒന്നും നമുക്ക വേണ്ട. എടീ പെണ്ണെ, നീയാ ചെക്കൻെറ കൂട്ട കൂടാൻ പോയാല് അടിച്ച് ചന്തിമ്മലെ തോല് ഞാൻ ഊരും. മനസ്സിലായോ?

അമ്മു: ഞാൻ ആരുടെ കൂട്ടം കൂടിട്ടില്ല. എനിക്കൊന്നും അറിയാനും പാടില്ല. ഞാനിന്ന് തെക്കേ വീട്ടില് ഇത്തിരി തീയ്യ് വാങ്ങാൻ പോയപ്പോഠം ആ വാസുനായര് അയാളുടെ അമ്മയോട്ട് പറയുന്നത് കേട്ടതാണ്!

പണിക്കർ: നിയ്യ് കൂട്ട കൂടീന്ന് ഞാൻ പറഞ്ഞില്ല. അരുത് എന്നാണ് ഞാൻ പറഞ്ഞത്; അവൻെറ കമ്മ്യൂണിഷ്ടിനും വക്കാണത്തിനും നമുക്ക കഴിയില്ല. ആരാൻെറ തല്ലുകൊണ്ട് ചാകണ്ട. അദ്ദേഹം അങ്ങോട്ട വിളിയ്ക്കുമ്പോ പോയാൽ മതി.... ആ വാസൂൻെറ ജാതകം മോശാണ്. കുജദശേല് ശനീടെ അപഹാരമാണ്. ആപത്തൊഴിഞ്ഞിട്ടുള്ള സമയമില്ല. (കഞ്ഞി മോന്തുന്നു) എടി, തേങ്ങയുണ്ടോ ഒരു കഷ്ണം കിട്ടാൻ? കല്ലും നെല്ലും കടിച്ചിട്ട് വായ ചിത്തയായി (കഞ്ഞി മോന്തുന്നു. അമ്മു തേങ്ങ പൂളിക്കൊടുക്കുന്നു.) ഇതു മൂത്തിട്ടില്ലേ്ലാടീ പെണ്ണേ?

അമ്മു: നല്ലവണ്ണം മൂത്തിട്ടില്ല.

പണിക്കർ: മൂക്കാൻ എവിടെ സമയം, അല്ലേ? അപ്പയ്ക്കും പണത്തിനു മുട്ടായി, തേങ്ങ പറിക്കാൻ ധൃതിയായി! ഈ ദുരിതം എന്നു തീരും, ദൈവമേ? (കഞ്ഞി മോന്തുന്നു.) ഏതായാലും വാസൂൻെറ കൂട്ടുകെട്ട് വേണ്ടാ, തീർച്ച. കുജദശേല് ശനീടെ അപഹാരം എന്നു പറഞ്ഞാൽ മഹാ'കുണ്ടാമണ്ടി'യാണ്. നിൻെറ അമ്മയ്ക്കു അതാന്നു. പിന്നെ രക്ഷേണ്ടോ, മരിയ്ക്കുല്ലാണ്ടു? ജ്വരം

ന്ന് പറഞ്ഞാമതിയോ? ഭയങ്കരജ്വരം! രാവും പകലും ങ്ങനെ തുള്ളാന്ന. പണം എത്ര ചിലവിട്ടു! ഒരു കാര്യോ ണ്ടായില്ല. കഴിഞ്ഞതൊക്കെ കഴിഞ്ഞു; അത്് പറ ഞ്ഞിട്ട് കാര്യല്ല്യ. (കഞ്ഞി മോന്തുന്നു) ഞ്ഞി അങ്ങോട്ടു ള്ള കാര്യം നോക്കാം. മത്തായി മാപ്ലേടെ കേസ് തീ ക്കാൻ ഞാനൊരു വഴി കണ്ടിട്ടുണ്ട്, അമ്മു, നമ്മുടെ ആ കരുണാകരമേന്നില്ലേ? ഓട്ടുപിടിച്ച് ജയിച്ച ആ ള്, അദ്ദേഹത്തിനെ ഒന്ന് കണ്ടുനോക്കാം. അദ്ദേഹം കാങ്ഗ്രസ്സാണല്ലൊ. എൻെറ ചെക്കൻ കാങ്ഗ്രസ്സിന് വേണ്ടിയല്ലേ. മരിച്ചത്? അദ്ദേഹം എന്തെങ്കിലും ചെ യ്യാണ്ടിരിക്കില്ല എന്താ, അമ്മു.

അമ്മു: എന്തോ, എനിയ്ക്കറിയില്ല.

പണിക്കർ: എന്താടീ നിനക്കൊരു ശങ്ക? നീയാ വാസ്സ ൻെറ കുടക്കല് പെട്ടിട്ടുണ്ടോ?

അമ്മു: ഞാൻ ആരുടേയും കുടക്കിൽ പെട്ടിട്ടില്ല. അച്ഛൻ അദ്ദേഹത്തെപ്പോയി കണ്ടു നോക്കു. വല്ലതും ചെയ്തുത ന്നാൽ ഭാഗ്യമായി.

പണിക്കർ: കാങ്ഗ്രസ്സ് നമുക്കുവേണ്ടി ഒന്നും ചെയ്തുതരി ല്ലെങ്കിൽ പിന്നെന്തിനാടി എൻെറ ചെക്കൻ അതിനു വേണ്ടിപോയി മരിച്ചത്? അവരെന്തെങ്കിലും ചെയ്തു തരാണ്ടിരിക്കില്ലാന്ന് തന്നാണ് എൻെറ വിശ്വാസം. (കഞ്ഞി ബാക്കിമോന്തിയിട്ട്) ഹാവൂ വയറ് വല്ലാണ്ട് നിറഞ്ഞു, രുചി ഉണ്ടായിട്ടല്ല, ദേഹത്തില് ജീവൻ കി ടക്കണ്ടെ, ദുരിതം അനുഭവിയ്ക്കാൻ.......എണിയ്ക്കട്ടെ.... വെള്ളം എവിടെ, അമ്മൂ കയ്യ്കഴുകാൻ? (പുറത്തേയ്ക്ക് കടന്ന്) ആ വിളക്കൊന്ന് കാണിയ്ക്ക് (അമ്മു വിളക്കു കാ ണിച്ചു കൊടുത്തു.)

രംഗം 5.

(കരുണാകരമേനോൻെറ വീട്ടിലെ ഒരു മുറി. സമയം രാവിലെ 9 മണി. മേനോൻ പത്രം വായിച്ചുകൊണ്ടിരിക്കുന്നു. 40—45 വയസ്സ് പ്രായമായ ഒരാൾ. കറുത്തു് മെലിഞ്ഞ ശരീരം. ഒരു പൊടിമീശയുണ്ടു്. ഖദർവസ്ത്രങ്ങൾ. മുറി ഭംഗിയായി അലങ്കരിച്ചിരിക്കുന്നു. നടുക്കു മേശയും, ചുററുപാടും സോഫകളും. ചുമരിന്മേൽ കോൺഗ്രസ്സനേതാക്കന്മാരുടെ പടങ്ങൾ. മേനോൻ ഒരു സിഗററ് കത്തിച്ചു വലിക്കുന്നു. വേലക്കാരൻ കിട്ടുണ്ണി പ്രവേശിക്കുന്നു.)

കിട്ടുണ്ണി: മുതലാളി വന്നിട്ടുണ്ടു്.
മേനോൻ: ഏതു മുതലാളി?
കിട്ടുണ്ണി: മത്തായി........
മേനോൻ: വരാൻ പറ.

(കിട്ടുണ്ണി പോകുന്നു. മത്തായി പ്രവേശിക്കുന്നു. ഒരു വെളുത്ത ഖദർമുണ്ടും, ജുബ്ബയും ആണു് ധരിച്ചിരിക്കുന്നതു്. ഒരു ഖദർവേഷ്ടി നീളത്തിൽ മടക്കി ചുമലിൽ ഇട്ടിട്ടുണ്ടു്. കഴുത്തിലെ സ്വർണ്ണച്ചെയിനിന്മേൽ കോർത്ത വെന്തിങ്ങ ഷർട്ടിൻെറ പുറത്തിട്ടിരിക്കുന്നു. മേനോൻ എഴുന്നേററു് മത്തായിയെ സ്വീകരിച്ചതിനുശേഷം രണ്ടു പേരും ഇരിക്കുന്നു.)

മേനോൻ: എന്തെല്ലാമാണു്, മിസ്റ്റർ മത്തായി വിശേഷങ്ങൾ?

മത്തായി: എന്തു വിശേഷം! സൈ്വരമായിട്ടു് ജീവിക്കാൻ ഒക്കുല്ലാന്നു് വെച്ചാൽ പിന്നെന്തു ചെയ്യും?

മേനോൻ: അതെന്താ?

മത്തായി: നിങ്ങൾ ഈ വീട്ടിനകത്ത് അടച്ചിരുന്ന് എന്തറിയുന്നു, മേന്നേ? ചട്ടമ്പിപ്പിള്ളേരുടെ വിളയാട്ടമല്ലേ—പീടികേടെ മുമ്പില് കൊടിയും പിടിച്ചുനിന്ന് കൂക്കിവിളിതന്നെ. ഞാൻ കരിഞ്ചോന്ത നടത്തുന്നൂന്ന്. എന്തൊരെടങ്ങാറാണ്, കർത്താവേ!

മേനോൻ: ഞാൻ അതിനെപ്പററി അന്വേഷിക്കാം.

മത്തായി: എൻെറ മേന്നേ, പേടിച്ച് വിറച്ചിട്ടാണ് ഞങ്ങടെ ജീവിതം. എപ്പോഴാണ്, എന്താണ് ഉണ്ടാവാ എന്ന് കണക്കാക്കിക്കൂടല്ലോ. കടലാസ്സ വായിച്ചാൽ നിത്യവും കാണാം, അവിടെക്കൊള്ള, ഇവിടെക്കൊള്ള, ജന്മിയെക്കൊന്നു, മുതലാളിയെക്കൊന്നെന്ന്! ഇതു കേട്ടുംകൊണ്ട് രാത്രി സമാധാനായിട്ട് എങ്ങിനെ കിടന്നൊറങ്ങും, കർത്താവേ?

മേനോൻ: അങ്ങനെയൊക്കെ വിചാരിച്ച് ഭയപ്പെടാൻ തുടങ്ങിയാൽ അതിനൊർതിരുണ്ടോ, മി. മത്തായ്?

മത്തായി: അല്ല മേന്നേ, നാളെ നമ്മുടെ പടിക്കലും ഈ പോക്കിരിത്തരം ഉണ്ടാവൂല്ലാന്ന് എന്താ ഉറപ്പ്?

മേനോൻ: (ചിരിച്ചുകൊണ്ട്) ഛേയ് അങ്ങിനെയൊന്നും സംഭവിക്കില്ല.

മത്തായി: എന്താ മേന്നേ 'ക്കേയ്' എന്ന്? മേനൊന്നൊരു തമാശ; എനിയ്ക്ക് ഇതോർത്ത് രാത്രി ഒറക്കല്ല്യ. നേരം വെളുക്കുമ്പോ തലയ്ക്കൊരു പൊകച്ചില്. ഞാൻ വൈദ്യര്ടെ അടുത്തുചെന്ന് മരുന്നു കഴിച്ചുനോക്കി. യാതൊ

രു മാററമില്ല്യ. എന്തു് ചെയ്താലും അടയില്ല കണ്ണിൻെറ പോള. സത്യം പറയട്ടെ, മേന്നേ, രണ്ടു മാസായി ഞാൻ മര്യാദയായി ഒറങ്ങീട്ട്.

മേനോൻ: ഇത് വല്ലാത്ത കമ്പമാണ് മി. മത്തായ്!

മത്തായി: മേന്നു് അങ്ങനെ ഒക്കെ പറയാൻ തോന്നും. കർത്താവിന്നും എനിയ്ക്കും അറിയാം, എൻെറ വേവലാതി. കഴിഞ്ഞ മാസത്തില് എൻെറ പറമ്പിൽ താമസിക്കുന്ന ഒരുത്തനോടു ഒഴിയാൻ പറഞ്ഞപ്പോ൦ 'മനസ്സില്ലാ'ന്നു്. അവനതു് എൻെറ മോത്തുനോക്കി പറേണങ്കിൽ കാലംപോയ പോക്ക്....എൻെറ മേന്നേ രാത്രി ഒറക്കില്ലാണ്ടു് കണ്ണും തലയും വല്ലാത്ത പൊകച്ചില്. മുമ്പത്തെപ്പോലെ അല്പം വെള്ളം മോന്താൻ കിട്ടിയാൽ ആശ്വാസമുണ്ടായിരുന്നു.......

മേനോൻ: (ചിരിച്ചുകൊണ്ടു്) എന്തു വെള്ളം, മററതോ?

മത്തായി: മററതു് തന്നെ, മേന്നേ അവനൊരു ഗ്ലാസ് അകത്തു ചെന്നാൽ ഒരു ബലം കിട്ടും. രാത്രി ഒരു മോന്തു മോന്തിക്കിടന്നാൽ ഒറങ്ങ്ണത് അറിയില്ല! നിങ്ങടെ കൂട്ടക്കാര് അതും നിർത്തിക്കളഞ്ഞില്ലേ?

മേനോൻ: എന്താ ചെയ്യാ, നിവൃത്തിയില്ല. എന്തെങ്കിലും ഒരു പരിഷ്കാരം ചെയ്യവെന്നു് വരുത്തണ്ടെ.

മത്തായി: പത്തുമുപ്പതു വഷായി കുടിച്ചു ശീലിച്ചു പോന്നതാണ്. പെട്ടെന്നു നിർത്തിയപ്പോ൦ തലയ്ക്കു് ഒരു.... ഒരു....എന്താ പറേണ്ടതു്, മേന്നേ....ഒരു ഇത്.......ഒറക്കം തീരെ വരുന്നില്ല. ഒറങ്ങാതെ കിടക്കുമ്പോ൦ വേണ്ടാത്ത വിചാരങ്ങ൦ തലേല് വന്നു കേറുന്നു. കാര്യം

നല്ലതുതന്നെ മേന്നെ, കടി നിൎത്തേണ്ടതാവശ്യംതന്നെ. പക്ഷെ തല പൊകച്ചില് സഹിച്ചൂടാ.

മേനോൻ: നിങ്ങറം ഏതെങ്കിലും നല്ലോരു വൈദ്യരെ കണ്ടിട്ട് വല്ല മരുന്നും വാങ്ങികഴിക്കു.

മത്തായി: എന്തു മരുന്നു മേന്നേ? കരിംകുരങ്ങുലേഹ്യം, രസായനം, അരിഷ്ടം എന്നൊക്കെപ്പറഞ്ഞ്, പട്ടീടെ എറച്ചി പുഴുങ്ങി വിൽക്കുന്ന കച്ചോടല്ലേ? ഈ കച്ചോടത്തിന്റെ ഗുട്ട് എനിയ്ക്കറിയില്ലേ, മേന്നേ? പത്തുപതിനഞ്ചുകൊല്ലായി ഈ പണി തുടങ്ങീട്ട്.

(കിട്ടുണ്ണി പ്രവേശിക്കുന്നു)

കിട്ടുണ്ണി: (കരുണാകരമേനോനോട്) ഏമ്മാനെ കാണാൻ ഒരാള് വന്നിട്ടുണ്ട്.

മേനോൻ: ആരാണത്?

കിട്ടുണ്ണി: കുഞ്ഞൻപണിക്കർ എന്നാണത്രെ പേര്....

മേനോൻ: എന്താ കാര്യം എന്നു ചോദിക്കു.

കിട്ടുണ്ണി: എന്തോ ആവലാതി പറയാനുണ്ടത്രെ.

മോനോൻ: എനിക്കിപ്പോറം സൌകര്യമില്ല. പിന്നെ വരാൻ പറ.

കിട്ടുണ്ണി: അയാറംക്കിപ്പോറംതന്നെ കണ്ടേ കഴിയൂന്ന്.

മേനോൻ: പോകാൻ പറ. പിന്നെ എപ്പോഴെങ്കിലും വരാൻ പറ. (കിട്ടുണ്ണിപോകുന്നു) സ്വൈരം കെടുത്താൻ വലിഞ്ഞുകേറുന്ന ഓരോരുത്തര്!

മത്തായി: (അൎത്ഥഗർഭമായി നോക്കിനിന്നുകൊണ്ട്) ഈ പുള്ളിയെ ഞാനറിയും മേന്നേ, ഇവിടെയുള്ളൊരു കെളവ

നാണ്. ആളുകളെ പററിക്കലാണ് ഇയാളുടെ പണി. എനിക്ക് ആയിരത്തിചില്വാനം രൂപാ തരാനുണ്ട്. കൊല്ലം ഏഴായി. ഇന്ന്, നാളെ, ഇന്ന്, നാളെ എന്നും പറഞ്ഞു് ഇതുവരെ കഴിച്ചുകൂട്ടി........

മേനോൻ: പണം വാങ്ങാൻ ഈ കൂട്ടർക്ക് വലിയ ഉത്സാഹമായിരിയ്ക്കും, തിരിച്ചുതരാൻ കാലത്തു ആളെക്കാണില്ല.

മത്തായി: അതിക്കൂട്ടരുടെ സുഭാവാണ്, മേന്നേ. ഒരു നൂറുതവണ എൻെറ പിള്ളേര് ഇയാൾടെ പിന്നാലെ നടന്നുകഴിഞ്ഞു. കെളവനാണ്, ദീനക്കാരനാണ് എന്നു കരുതി ഞാൻ ക്ഷമിച്ചു. പക്ഷെ അതിന്നൊരു അതിരില്ലേ, മേന്നേ? പെരേം പറമ്പും അടുത്തു ഞാൻ ജപ്തി ചെയ്യും. അക്കാര്യം ഇരിയ്ക്കട്ടെ. മേന്നോ അന്നു പറഞ്ഞ സംഗതി എന്തായി?

മേനോൻ: എന്തു്?

മത്തായി: പെർമിററിൻെറ സംഗതി?

മേനോൻ: ഓ, അതു്! (തലയാട്ടിക്കൊണ്ടു്) അതു കുറച്ചു് പ്രയാസമുണ്ടു്.

മത്തായി: അതെന്താ, മേന്നേ?

മേനോൻ: ഞാനും മിനിസ്റ്ററും തമ്മിൽ നല്ല സുഖമില്ല....

മത്തായി: അതെന്താ അങ്ങനെ പററിയതു്?

മേനോൻ: ഇവരായിട്ടുള്ള ബന്ധം കൊള്ളില്ല മിസ്റ്റർ മത്തായി. മനുഷ്യപ്പററില്ലാത്ത ജാതി. ഈയുള്ളവർ എത്രത്തോളം താഴുന്നുവോ, അത്രത്തോളം അവർ തലയിൽ കയറും. ഇവരുമായി ഞാനിനി യാതൊരേർപ്പാടിനും പോവില്ല.

മത്തായി: എന്താ മേനേ സംഭവിച്ചതു്? ഇതെന്തു് എടങ്ങേറാണു്?

മേനോൻ: പററിയതൊന്നും പറയണ്ട. മേലിൽ ഇവരായിട്ടു് യാതൊരെടപാടിന്നും ഞാനില്ല.

മത്തായി: ഇതു കാര്യം എടങ്ങേറായല്ലോ!....(അല്പനേരത്തേയ്ക്കു് നിശ്ശബ്ദത. മേനോൻ സിഗരററ പെട്ടിയെടുത്തു് മത്തായിയുടെ നേരെ നീട്ടുന്നു. രണ്ടുപേരും സിഗരററ കത്തിച്ചു വലിക്കുന്നു.) ഇനിയെന്താ ചെയ്യാം മേനേ?

മേനോൻ: (ആലോചിച്ചിട്ടു്) അതിനൊരു വഴിയുണ്ടു്, മി. മത്തായി. വേറെ ഒരാളെക്കൊണ്ടു് ഞാൻ മിനിസ്റ്ററോടു് പറയിക്കാം.

മത്തായി: അതുമതി! കാര്യംനടന്നാൽമതി, മത്തായിക്കു്!

മേനോൻ: പക്ഷേ.... (ഇടയ്ക്കു് നിർത്തി സിഗരററ വലിക്കുന്നു)

മത്തായി: എന്താ, മേനേ, 'പക്ഷേ'ന്നു?

മേനോൻ: ഞാൻ പറഞ്ഞ തരത്തിൽ പോകണമെങ്കിൽ കുറച്ചു ചിലവുണ്ടു്. അയാൾ ഒരു 'അഞ്ഞനത്തോന്നാ'ണു്.

മത്തായി: മത്തായിക്കാവുന്നതു് ചിലവു ചെയ്യാൻ ഒരുക്കമാണു്. കിട്ടുന്ന 'വഹേല്' ഒരോഹരി....

മേനോൻ: നാളെ ഒരു കാറു് ഏപ്പ്ാടു ചെയ്താൽ ഞാൻ പോകാം.

[മത്തായിയോടു അടുത്തിരിക്കാൻ ആംഗ്യം കാണിക്കുന്നു. മേനോൻ താഴ്ന്ന സ്വരത്തിൽ എന്തോ രഹസ്യമായി മന്ത്രിക്കുന്നു........]

## രംഗം 6.

(കരുണാകരമേനവൻെറ വീട്ടിൻെറ ഉമ്മറം. മുൻരംഗത്തിലെ സംഭവങ്ങാം നടക്കുന്ന സമയംതന്നെ കുഞ്ഞൻപണിക്കർ ഊന്നുവടിയും കുത്തിപ്പിടിച്ച് ഒരു ഭാഗത്തിരിക്കുന്നു. ഒരലക്കിയ മുണ്ടട്ടത്തു് ഒരു രണ്ടാംമുണ്ടു് അരയിൽ കെട്ടിയിരിക്കുന്നു. നെററിയിലും മാറിടത്തിലും ഭസ്മക്കുറിയും, ചന്ദനക്കുറിയും ഉണ്ടു്. ഇടയ്ക്കിടക്കു് അക്ഷമനായി അയാഠം അടച്ചിട്ടിരിക്കുന്ന ഉമ്മറത്തെ വാതിലിൻെറ നേരെ നോക്കുന്നുണ്ടു്. വേലക്കാരൻ കിട്ടുണ്ണി വാതിൽ തുറന്നു പുറത്തേയ്ക്കു് വരുന്നു.)

പണിക്കർ: (ജിജ്ഞാസയോടേ) പറഞ്ഞോ?

കിട്ടുണ്ണി: പറഞ്ഞു....

പണിക്കർ: (അക്ഷമനായിഇടയ്ക്കുചാടി) മൂപ്പരെന്തു പറഞ്ഞു? ഏ?....

കിട്ടുണ്ണി: ഇപ്പോഠം കാണാൻ സൌകര്യപ്പെടില്ല; പിന്നെ വരാൻ.

പണിക്കർ: (പാരവശ്യത്തോടെ) അയ്യോ; അങ്ങനെ പറയല്ലേ! എനിയ്ക്കു നടക്കാൻ വയ്യ. 30 വയസ്സിൽപ്പററിതാണു് ഈ കൂനു്. ഉഴിച്ചിലും, പിഴിച്ചിലും വളരെ കഴിച്ചു. പക്ഷേ കാര്യമുണ്ടായില്ല. ജാതകത്തില് ഒരു കുജ രാഹുസന്ധിീണ്ടാന്നു. പിന്നെ പിടിച്ചാ നിക്കോ? വയസ്സായപ്പോഠം തീരെ നടക്കാൻ വയ്യാണ്ടായി....

കിട്ടുണ്ണി: ആവലാതി പറഞ്ഞിട്ടെന്തു കാര്യം, കാരണവരേ? ഏമാൻ പറഞ്ഞു പിന്നെ വരാൻ.

പണിക്കർ: അയ്യോ! ഇനി ഇങ്ങനെ ഒരു നടത്തംവുംകൂടി നടന്നാൽ എന്റെ കഥ കഴിയും.

കിട്ടുണ്ണി: ഞാൻ വിചാരിച്ചാൽ നിവൃത്തിയില്ലാ, കാരണവരേ! ഏമാൻ സൌകര്യപ്പെടില്ല എന്നു പറഞ്ഞാൽ പിന്നെ ഞാനെന്തുചെയ്യും.

പണിക്കർ: എന്നാലിനി എന്താ ചെയ്യാ? (ആലോചിച്ചിട്ട്) മൂപ്പരോട്ട് നിങ്ങള് സംഗതി അടിയന്തരമാണെന്നു പറഞ്ഞോ?

കിട്ടുണ്ണി: പറഞ്ഞു.

പണിക്കർ: എന്റെ പേര് നല്ലോണംപോലെ പറഞ്ഞോ?

കിട്ടുണ്ണി: അതൊക്കെ ഞാൻ പറഞ്ഞു, കാരണവരേ.

പണിക്കർ: (ആലോചിച്ചിട്ട്) ആട്ടെ, ഞാൻ ഗോപാലന്റെ അച്ഛനാണെന്ന് മനസ്സിലായോ?

കിട്ടുണ്ണി: ഏതു ഗോപാലൻ?

പണിക്കർ: ഏതു ഗോപാലനെന്നോ? ഗോപാലനെപ്പററി കേട്ടിട്ടില്ലേ?

കിട്ടുണ്ണി: ഇല്ല.

പണിക്കർ: എന്ത്! കേട്ടിട്ടില്ലാന്നോ?

കിട്ടുണ്ണി: ഇല്ലല്ലോ, കാരണവരേ.

പണിക്കർ: ഗോപാലനെപ്പററിക്കേട്ടിട്ടില്ലാന്നോ? ഏ?

കിട്ടുണ്ണി: ഞാൻ കേട്ടിട്ടില്ല.

പണിക്കർ: (മൂക്കിന്മേൽ വിരൽവെച്ചുകൊണ്ട്) ഗോപാലനെപ്പററി കേട്ടിട്ടില്ലത്രെ! അത്ഭുതം!

കിട്ടുണ്ണി: അതെന്താ, കാരണവരേ?

പണിക്കർ: ഗോപാലനെപ്പററി കേൾക്കാത്തത് അത്ഭുതന്ന്യാണേയ്!

കിട്ടുണ്ണി: എന്താ കാരണവരെ, അത്ഭുതം?

പണിക്കർ: അവൻ കാങ്ക്രസ്സിച്ചേർന്ന് ജെലിപ്പോയപ്പോൾ പത്രങ്ങളിലൊക്കെ അച്ചടിച്ചിട്ടുണ്ടാന്നല്ലോ അവൻെറ പേര്?

കിട്ടുണ്ണി: അതുവ്വോ? എനിക്കറിയില്ല.

പണിക്കർ: താനെത്രകാലമായി മൂപ്പരുടെകൂടെ നില്ക്കാൻ തുടങ്ങീട്ട്?

കിട്ടുണ്ണി: ഞാനിവിടെ വന്നിട്ട് ആറു മാസേ ആയിട്ടുള്ളു. മുമ്പു ഇവിടെ ഒരു വേലക്കാരൻ ഉണ്ടാന്നു. അയാളെ, ഏമാൻെറ ഭാര്യ തല്ലീന്നും പറഞ്ഞു് പോയി. അന്നേരമാണ് ഞാൻ വന്നതു്........

പണിക്കർ: പെണ്ണുങ്ങളുടെ കയ്യീന്ന് തല്ലുകൊള്ളുന്നതു കഷ്ടമാണേയ്.

കിട്ടുണ്ണി: അതൊന്നും പറയേണ്ട. വല്ലാത്ത കഷ്ടം.

പണിക്കർ: തനിക്കു വയസ്സെത്രയായി?

കിട്ടുണ്ണി: ഇരുപത്തിരണ്ട്........

പണിക്കർ: അങ്ങനെവരട്ടെ! എന്നാൽ അതാണ് എൻെറ മോൻ ഗോപാലനെപ്പററി കേൾക്കാഞ്ഞതു്! ഗോപാലൻ ജെലിപ്പോയതു് ഏഴെട്ട് വർഷം മുമ്പാണ്. അന്നു തനിയ്ക്കൊരു പത്തുപതിനാലു് വയസ്സേ പ്രായം കാണൂ....മൂപ്പരറിയും ഗോപാലനെ. ഒന്നു ചെന്നു പറയൂ, ഗോപാലൻെറ അച്ഛനാണ് വന്നിട്ടുള്ളതെന്നു്.

കിട്ടുണ്ണി: ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ചെന്ന് ബുദ്ധിമുട്ടിച്ചാൽ ഏമാൻ ദേഷ്യപ്പെട്ടാലോ?

പണിക്കർ: ഗോപാലൻെറ അച്ഛനാണെന്നു പറഞ്ഞാൽ പിന്നെ മൂപ്പരൊന്നും പറയില്ല. ഒന്നു ചെന്നു പറയ്യൂന്നു്.

[കിട്ടുണ്ണി ആദ്യം സംശയിക്കുന്നു. പിന്നീടു് അകത്തേയ്ക്കു് പോകുന്നു. പണിക്കർ ഒററയ്ക്കായപ്പോൾ എഴുന്നേററു വീടിൻെറ പണിത്തരങ്ങൾ പരിശോധിക്കുന്നു. കതകും, ജനലും കൈകൊണ്ടു് തൊട്ടുനോക്കി, തലകുലുക്കി, "നല്ല ഒശത്തിതേക്കു്!" എന്നു് പിറുപിറുക്കുന്നു. കിട്ടുണ്ണി വീണ്ടും പ്രവേശിക്കുന്നു.]

പണിക്കർ: പറഞ്ഞോ?

കിട്ടുണ്ണി: പറഞ്ഞു....

പണിക്കർ: (അക്ഷമനായി) എന്നിട്ടെന്തു പറഞ്ഞു?

കിട്ടുണ്ണി: ഏമാൻ ദേഷ്യപ്പെട്ടു, കാണാൻ പററില്ലാന്നു് ഒരിക്കൽ പറഞ്ഞില്ലേന്നു് ചോദിച്ചു.

പണിക്കർ: ഗോപാലൻെറ അച്ഛനാണെന്നു് പറഞ്ഞോ?

കിട്ടുണ്ണി: പറഞ്ഞു....

പണിക്കർ: മൂപ്പർക്കു് അപ്പോൾ കാര്യം മനസ്സിലായിട്ടുണ്ടാവും.

കിട്ടുണ്ണി: ഏമാന്നറിയില്ല്യ, നിങ്ങടെ ഗോപാലനെ!

പണിക്കർ: മൂപ്പരറിയില്ലേ? ഏ?

കിട്ടുണ്ണി: ഇല്ല.

പണിക്കർ: എന്തു്? അറിയില്ലാന്നോ?

കിട്ടുണ്ണി: ഇല്ലാന്നു് പറഞ്ഞില്ലേ?

പണിക്കർ: അതു് വെറുതെ! മൂപ്പരറിയാണ്ടിരിക്കില്ല! താൻ ശരിക്കു പറഞ്ഞു മനസ്സിലാക്കീട്ടുണ്ടാവില്ല. താൻ അവിടെച്ചെന്നു് എന്താ പറഞ്ഞതു്?

കിട്ടുണ്ണി: ഞാനെല്ലാം ശരിക്കു പറഞ്ഞു........കാരണവരു് കടന്നുപോകൂ! എനിക്കു വേറെ ജോലിയുണ്ടു്.

പണിക്കർ: മൂപ്പരെ ഒന്നു കാണാനെന്തു ചെയ്യും?

കിട്ടുണ്ണി: അതിന്ന് പിന്നെ വല്ലപ്പോഴും വരാൻ പറഞ്ഞില്ലേ?

പണിക്കർ: അയ്യോ, മോനെ, എനിക്കു നടക്കാൻ വയ്യ. വൈകുന്നേരംവരെ ഇവിടെ ഇരിയ്ക്കാം. എന്നാലും ഒന്നു കണ്ടിട്ടേ ഞാൻ പോകുന്നുള്ളു.

കിട്ടുണ്ണി: ഇവിടെയിരിക്കാൻ പാടില്ല. (സ്വരം ഉയർത്തിക്കൊണ്ട്) എന്തൊരു കുണ്ടാമണ്ടിയാണിത്! കടന്നു പോടോ, ആളെ ബുദ്ധിമുട്ടിക്കാതേ. (പിന്നേയും സ്വരം ഉയർത്തുന്നു) പോവില്ലേ? താൻ എന്റെ കയ്യീന്ന് വാങ്ങിയ്ക്കും!

[കിട്ടുണ്ണി കുഞ്ഞൻ പണിക്കരെ കഴുത്തിൽ പിടിച്ചു തള്ളാൻ ചെല്ലുന്നു. പണിക്കർ മൂക്കിന്മേൽ വിരൽവെച്ച് ദയനീയമായി നോക്കിക്കൊണ്ട് പോകുന്നു.]

രംഗം 7.

[ക്ഷേത്രപരിസരം. മുൻരംഗത്തിലെ സംഭവങ്ങൾ നടന്ന അതേദിവസം തന്നെ. ഉച്ചയ്ക്കു 12 മണിസമയം. അമ്മു ഒരു ആൽവൃക്ഷത്തിൻെറ തണലിൽ നിൽക്കുന്നു. കീറിയതെങ്കിലും വെളുത്ത മുണ്ടും ബ്ളൗസും ആണ് ധരിച്ചിട്ടുള്ളത്. നെററിയിൽ ഒരു ചന്ദനക്കുറിയും അതിൻെറ മീതെ ഒരു കുങ്കുമക്കുറിയുമുണ്ട്. അവൾ ആരേയോ കാത്തുനിൽക്കുന്നതുപോലെ തോന്നും. ഇടക്കിടക്കു ക്ഷമകെട്ട് ഇരുവശത്തേക്കും നോക്കുന്നുണ്ട്. ആൽവൃക്ഷത്തിൻെറ ഒരു തൊലിപൊളിച്ച് കടിച്ചു ചവച്ചു തുപ്പുന്നു. പിന്നേയും ഇരുവശത്തേക്കും നോക്കുന്നു. അവൾ കുനിഞ്ഞു ഒരു പുൽക്കൊടിയിന്മേൽ വിടൎന്നു നിൽക്കുന്ന പൂ പറിച്ചെടുക്കുന്നു. പെട്ടെന്നു് ദൂരെ ആരെയോ കണ്ടതുപോലെ അമ്മുവിൻെറ ദൃഷ്ടികൾ വിടരുന്നു. വാസു ഇടത്തുഭാഗത്തുള്ള വഴിയിൽക്കൂടി പ്രവേശിക്കുന്നു. മുൻരംഗത്തിലെപ്പോലെ കള്ളിമുണ്ടും, ബനിയനുംതന്നെ വേഷം. ഒരു ബീഡി കത്തിച്ചു വലിക്കുന്നുണ്ട്.]

അമ്മു: (മൂക്കിന്മേൽ വിരൽവെച്ചുകൊണ്ട്) നല്ല പണി!....

വാസു: എന്തേ?

അമ്മു: പത്തുമണിക്കു വരാമെന്നു പറഞ്ഞിട്ട്—മണി പന്ത്രണ്ടായില്ലേ?

വാസു: അങ്ങനെ പററിപ്പോയി. മാപ്പ്! ഞാൻ പോരാൻ പുറപ്പെട്ടപ്പോൾ വേറെ ഒരാൾ വന്നുകയറി.

അമ്മു: സ്കൂളിലെ മണി അടിക്കുന്ന കേട്ടപ്പോൾ ഞാൻ ഇവിടെവന്നു് കാത്തുനിൽക്കുന്നതാണ്. മണിക്കൂറ് രണ്ടായി!

വാസു: ഓ! പാവം, കുട്ടി! ബുദ്ധിമുട്ടിച്ചതിന് മാപ്പ്! മേലാൽ ഇങ്ങനെ വരില്ല...........

അമ്മു: എന്ത് മാപ്പ്! ഞാൻ കാണിച്ചുതരാം!........

വാസു: എന്നെ എന്തു വേണമെങ്കിൽ ചെയ്തുകൊള്ളൂ. പക്ഷേ ഒരു ശിക്ഷമാത്രം കല്പിക്കരുത്! അതനുഭവിക്കാൻ വയ്യ.

അമ്മു: എന്താണത്?

വാസു: എന്നെ ഒരു കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി തിരഞ്ഞെടുപ്പിന് നിർത്തരുത്! തെറിയും കൂക്കുവിളിയും എത്രമാത്രം കേൾക്കണം!........(രണ്ടു പേരും ചിരിക്കുന്നു)

അമ്മു: അതൊന്നുമല്ല, ശിക്ഷ.

വാസു: മററന്തുശിക്ഷ കല്പിച്ചാലും ഞാൻ സഹിക്കാം.

അമ്മു: സഹിക്കാമോ?

വാസു: സഹിക്കാം.

അമ്മു: തീർച്ച?

വാസു: സഹിക്കാമെന്നാണെൻെറ വിശ്വാസം.

അമ്മു: വല്ലാത്ത ശിക്ഷയാണ് നമുക്ക് വിധിച്ചിട്ടുള്ളത്.

വാസു: എന്താണത്?

അമ്മു: (അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) ഇനി.......നാം തമ്മിൽ........കാണാൻ പാടില്ലാന്ന്.

വാസു: അതെന്താണമ്മു?

അമ്മു: പാടില്ലാന്ന് അച്ഛൻ പറഞ്ഞു.

വാസു: അച്ഛനത് ഇഷ്ടമല്ലായിരിക്കും. അല്ലേ?

അമ്മു: അതെ. മിനിയാന്ന് രാത്രി അച്ഛൻ ശുണ്ഠിയെടുത്തു. ഞാൻ നിങ്ങളുടെ കൂട്ടുകൂടാൻ പാടില്ലാന്ന് പറഞ്ഞു.

വാസു: അമ്മുനെ അച്ഛൻ തല്ലിയോ?

അമ്മു: എന്നെ തല്ലാറില്ല അച്ഛനെന്നെ ഇഷ്ടാണ്, ഒരു മകളല്ലേ ഉള്ളു?........ആട്ടെ, ഇനിയെന്തുചെയ്യും?

വാസു: (വിദൂരതയിലേയ്ക്കു നോക്കിക്കൊണ്ട്, എന്തു ചെയ്യാനാ? നമ്മളു തമ്മിൽ ഇനി എടവാടൊന്നുമില്ലെന്ന് നിശ്ചയിച്ചേയ്ക്കണം.

അമ്മു: അയ്യോ! എന്നിട്ടെങ്ങനെ ജീവിയ്ക്കും? അച്ഛൻ പറയുന്നത് നിങ്ങള് കമ്മ്യൂണിഷ്ടാണ്, കുഴപ്പക്കാരനാണ് എന്നൊക്കെയാണ്. അച്ഛനെ എങ്ങിനെയെങ്കിലും ഒന്നു പറഞ്ഞു ബോധ്യപ്പെടുത്തണം........

വാസു: (വിദൂരതയിലേയ്ക്കു നോക്കിക്കൊണ്ടുതന്നെ) അതിനെപ്പററി ആലോചിക്കാം...........

അമ്മു: (നെററി ചുളിച്ചുകൊണ്ട്) എനിയ്ക്കെൻറ ഗുരുവായൂരപ്പാ, കെട്ടിത്തൂങ്ങിച്ചാകാൻ തോന്നുന്നു! ഒരു സൈ്വരമില്ലാണ്ടായാൽ പിന്നെന്തുചെയ്യും? ഏതു നേരത്തും ഉണ്ടാവും എന്തെങ്കിലും ഒന്ന്! ആ മത്തായിമാപ്ല കേസാക്കീട്ടുണ്ടത്രേ! കിടക്കാനൊരു വീടും കൂടിയില്ലാണ്ടായാൽ!........

വാസു: ഞാൻ പറഞ്ഞില്ലേ, ഒഴിഞ്ഞുകൊടുക്കണ്ടാന്ന്?

അമ്മു: ഞാൻ അത് അച്ഛനോടു പറഞ്ഞു. അപ്പോഴാണ് പറഞ്ഞത്, നിങ്ങടെ കൂട്ടുകൂടരുത്, കമ്മ്യൂണിഷ്ടും കുണ്ടാമണ്ടിം ഒന്നും വേണ്ടാന്ന്.

വാസു: മൂപ്പര് പിന്നെന്തു ചെയ്യാൻ പോകുന്നു?

അമ്മു: ഇന്നു രാവിലെ ആ കരുണാകരമേനോനെ കാണാൻ പോയിട്ടുണ്ട്.

വാസു: ഏത്? കോൺഗ്രസ്സ്മേനോനോ?

അമ്മു: അതേ. ചേട്ടൻ കാങ്കരസ്സിന്ന് വേണ്ടി ജേലിപ്പോയി മരിച്ചതല്ലേ; അതോണ്ട് അദ്ദേഹം എന്തെങ്കിലും സഹായം ചെയ്യാണ്ടിരിക്കില്ലാന്ന്.

വാസു: (പരിഹസിച്ച് തലയാട്ടിക്കൊണ്ട്) ഉവ്വ്! ഉവ്വ്! അതും കാത്തിരുന്നോള്ളൂ!.......ഹും!.......പട്ടി ചന്തയ്ക്കു പോയതുപോലെ മടങ്ങും. ഇക്കൂട്ടരോട് സങ്കടം പറഞ്ഞുകൊണ്ടൊന്നും യാതൊരു പുണ്യവും കിട്ടില്ല. കാര്യസ്ഥൻ ശങ്കുനായര് തല്ലാൻ വന്നതിനെപ്പററി ഇവർക്ക് ഞാൻ ഹരിജി കൊടുത്തിട്ടെന്തുണ്ടായി? എന്നെ ജേലിപ്പിടിച്ചോണ്ടുപോയി തല്ലിച്ചു. മത്തായിമാപ്ലേടെ കാലിന്നടിയില് കിടക്കുന്നോനാണ് ഈ കരുണാകരമേനോൻ എന്നു പറഞ്ഞ പ്രമാണി; മനസ്സിലായോ? മത്തായിമാപ്ല ആളെന്ത് ജഗജില്ലിയാണെന്നോ? കരിഞ്ചന്ത നടത്തിട്ടും, പലിശയ്ക്കുകൊടുത്തും, ആളെപ്പററിച്ചും, ഒന്നുരണ്ടു ലക്ഷത്തിൻെറ സ്വത്തുണ്ട്, അവൻെറ കയ്യില്, ഈ നാട്ടുപ്രമാണികളൊക്കെ അവൻെറ പോക്കററിലാണ്. അമ്മൂൻെറ അച്ഛന് ഇതൊന്നും അറിയില്ല! പാവത്താൻ!

അമ്മു: ഇനി എന്താ ചെയ്യാ?

വാസു: എന്താ ചെയ്യാ?.......ആരോടും ഇരന്നിട്ട് ഫലമില്ല. 'താടിയുള്ളപ്പനെ പേടിയുണ്ട്.' നമുക്കു ബലമുണ്ടെങ്കിൽ ഇവററങ്ങള് അനങ്ങില്ല.

അമ്മു: അവരോടു ശണ്ഠകൂടാൻ അച്ഛന് സമ്മതമില്ല. 'കമ്മ്യൂണിഷ്ടു്' അച്ഛന് വലിയ പേടിയാണ്.

വാസു: ഞാൻ പറയുന്നത് നമ്മുടെ കാര്യം നടക്കാനുള്ള വഴിയാണമ്മു!

അമ്മു: അതച്ഛൻ സമ്മതിയ്ക്കില്ല.

വാസു: വേണ്ടാ.......മൂപ്പര് മൂപ്പരുടെ വഴിനോക്കട്ടെ. പക്ഷെ, കാര്യം ഞാൻ പറഞ്ഞേടത്തേ എത്തു!

അമ്മു: എന്തോ, എനിയ്ക്കൊന്നും അറിയില്ല.......ഞാൻ പോകട്ടെ. അച്ഛൻ വന്നിട്ടുണ്ടാവും, ഇനിയെന്നാ കാണുക?

വാസു: അമ്മൂന് ഇഷ്ടമുള്ളപ്പോഴ് ഞാൻ വരാം.

[അമ്മു തിരിഞ്ഞുനോക്കിക്കൊണ്ടുപോകുന്നു. മറേറ വഴിയ്ക്ക് വാസുവും പോകുന്നു.]

## രംഗം 8.

[മുൻരംഗത്തിലെ അതേദിവസംതന്നെ. സമയം ഉച്ചയ്ക്ക് പന്ത്രണ്ടുമണി കഴിഞ്ഞു. കുഞ്ഞൻപണിക്കരുടെ വീട്ടിൻെറ ഉമ്മറം. പണിക്കർ വടിയും കുത്തിപ്പിടിച്ച് പ്രവേശിക്കുന്നു. മുഖത്ത് നല്ല ക്ഷീണമുണ്ട്. കരുണാകരമേനോൻെറ വീട്ടിൽപോയി മടങ്ങി വരവാണ്; അതേവേഷംതന്നെ. പണിക്കർ അഞ്ചാറു പ്രാവശ്യം അമ്മുവിനെ ഉറക്കെ വിളിക്കുന്നു. ആരും വിളികേൾക്കുന്നില്ല. "മാരണം! ഈ ജന്തു എവിടെപ്പോയിക്കിടക്കുന്നു" എന്നു ശപിച്ചുകൊണ്ട് പണിക്കർ വാതിൽ തള്ളിത്തുറന്ന് അകത്തുകടന്ന് വീണ്ടും വിളിക്കുന്നു. അമ്മു പിന്നേയും വിളികേൾക്കുന്നില്ല. പണിക്കർ ജ്യോതിഷഗ്രന്ഥവുമെടുത്ത് പുറത്തുവന്ന് കട്ടിലിന്മേൽ ഇരിക്കുന്നു. "കഴുത! തെണ്ടാൻ പോയിരിക്ക്യാണ്. ഇങ്ങോട്ട് വരട്ടെ, ഇന്ന് കാണിച്ചുകൊടുക്കാം!" എന്നു പിറുപിറുത്തുകൊണ്ട് പണിക്കർ ഗ്രന്ഥം തുറന്നു വായിയ്ക്കാൻ ശ്രമിക്കുന്നു.]

പണിക്കർ: (വായിക്കുന്നു)

"ആത്രുഃഢ ചരഭേ ചതുർത്ഥമൂതിഗാഃ സൌമ്യാഗത
(സ്യാഗമം
കവ്വിന്ത്യത്ഥ സഹോത്ഥഗാ അപിപുനഃ പ്രസ്ഥായമാ
(ഗ്ഗാഗതം...."

(വീണ്ടും ആവർത്തിച്ചു ചൊല്ലുന്നു.)

"ആത്രുഢേ ചരഭേ ചതുർത്ഥമൂതിഗാഃ...."

(മനസ്സിലാകാത്തതുപോലെ ആവർത്തിക്കുന്നു)

"ആത്രുഢേ ചരഭേ ചതുർത്ഥമൂതിഗാഃ....സൌമ്യാഗത
സ്യാഗമ....
കവ്വിന്ത്യത്ഥ സഹോത്ഥഗാ അപിപുനഃ...."

(വീണ്ടും ആവൎത്തിക്കുന്നു.)

"കർവ്വന്ത്യത്ഥ സഹോദരഗാ അപി പുനഃ...."

(ആലോചിച്ച് ആദ്യംമുതൽ വീണ്ടും ആവൎത്തിച്ച് ചൊല്ലുന്നു)

"ആരുഢേ ചരഭേ........"

(നിൎത്തി ആലോചിച്ചിട്ട് പിറുപിറുക്കുന്നു.)

ഹ്ഹും....ശ്രദ്ധ നില്ക്കണില്ല്യ.

മനസ്സിന് അലോഗ്യം വന്നാൽ പിന്നെ വായിച്ചാൽ നേര്യാവില്ല്യ.

(ഗ്രന്ഥം അടച്ചുവെച്ച് മുറുക്കാൻ പൊതി അഴിച്ച്, മുറുക്കാൻ തുടങ്ങുന്നു. അകത്തൊരുശബ്ദം; പണിക്കർ ശ്രദ്ധിക്കുന്നു.].

പണിക്കർ: ആരാ അകത്ത്? (ആരും മിണ്ടുന്നില്ല) അമ്മു വന്നോ (അകത്തുനിന്ന് അമ്മു വിളികേഠംക്കുന്നു) ഇവിടെവായോ!.... (അമ്മു കടന്നുവരുന്നു. വാസുവുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞു് വരുന്ന വരവാണ്; മുൻരംഗത്തിലെ വേഷംതന്നെ) നിയ്യെവിടെപ്പോയി കുത്തിരിക്ക്യാർന്നു? കഴുതേ! തെണ്ടിനടക്കാണ്? എം!........

അമ്മു: ഞാൻ തെണ്ടാനൊന്നും പോയില്ല. ഇന്നലെ ഉപ്പു വാങ്ങിച്ചതിൻെറ കാശ്കൊടുക്കാൻ പോയതാണ്.

പണിക്കർ: തെണ്ടാൻപോയി എന്നല്ല പറഞ്ഞത്. മനസ്സിലായോ? തെണ്ടാൻ പോകരുത് എന്നാണ് പറഞ്ഞത്. ചീത്തക്കാലം, ശനി ഉച്ചത്തിലാണ് നില്പ്.... (അമ്മു ഒന്നും മിണ്ടുന്നില്ല) അല്പം കഞ്ഞിവെള്ളം കൊണ്ടുവായോ! നടന്നിട്ട് ചങ്ക് കലങ്ങി. നാഴിക മൂന്നും മൂന്നും ആറ് നടക്കണം, ആ മേനോൻെറ വീട്ടിൽ പോയിവരാൻ. (അമ്മു അകത്തുപോയി കഞ്ഞിവെള്ളം എടുത്തുകൊ

ണ്ടുവനും കൊട്ടക്കടന്നു. പണിക്കർ വാങ്ങി മോന്തിയിട്ട്) എടി പോയകാര്യമൊന്നും നടന്നില്ല. ഞാൻ പുറപ്പെട്ടപ്പോഠം തന്നെ ഒരു കണ്ടൻപൂച്ച വെലങ്ങനെ ഒരു ചാട്ടം. ആ ശകുനം കണ്ടപ്പോഠം കണക്കാക്കി ഞാൻ, കാര്യം നട ക്കില്ലാന്ന്.

അമ്മു: അയാളെന്തു പറഞ്ഞു?

പണിക്കർ: മൂപ്പരെക്കണ്ടിട്ടു വേണ്ടെ, പറയാൻ? കാ ണാൻതന്നെ തരമായില്ല.

അമ്മു: അതെന്താ, അവിടെ ഉണ്ടാന്നില്ലേ?

പണിക്കർ: ആളവിടെ ഉണ്ട്; ഇന്നു കാണാൻ സൌക ര്യം ഇല്ലാന്ന്. ഞാനാരാണെന്ന് അവിടുത്തെ വാല്യ ക്കാരൻ, മൂപ്പരെ ശരിയ്ക്ക് പറഞ്ഞു മനസ്സിലാക്കീട്ടുണ്ടാ വില്ലെന്നാണ് എൻെറ ശങ്ക. മനസ്സിലാക്കീട്ടുണ്ടെങ്കിൽ മൂപ്പര് എന്നെ കാണാണ്ടിരിയ്ക്കില്ല. ആ വേലക്കാരൻ ഒരു ശപ്പനാണ്! അവൻെറ ഇളിഞ്ഞമൊകറ് കണ്ടാ ലറിയാം. പട്ടിക്കള്ളൻ! അവനെൻെറ കഴുത്തിൽ പി ടിച്ച്, തള്ളാൻ വന്നിരിയ്ക്കുന്നു!....ഹം!

അമ്മു: ഇനിയെന്തു ചെയ്യും?

പണിക്കർ: മൂപ്പരെ കാണാൻ ഒന്നുകൂടി പോണം. കണ്ടാ ലല്ലേ അറിയൂ, വല്ല ഗുണോണ്ടോന്ന്?

അമ്മു: ഗുണോന്നും ഉണ്ടാവില്ലാന്നാണ് പറേണത്. മ ത്തായിമാപ്ലേം, ആ മേനും തമ്മില് വലിയ ബന്ധ ത്തിലാണെത്രെ.

പണിക്കർ: അങ്ങനെ ആരുപറഞ്ഞു?

അമ്മു: (ഉരുളുന്നു) അങ്ങിനെ ഇവിടങ്ങളില് പറയുന്നതു് കേട്ടു.

പണിക്കർ: ആരാണ് പറഞ്ഞതെന്നു് പറ. കഴുതേ!

അമ്മു: ആ മുല്ലക്കലെ പാറുഎൻറ ആങ്ങള പറയുന്നതു് കേട്ടു............

പണിക്കർ: ആരു്? ആ പ്രഭാകരന് പറഞ്ഞ ചെക്കനോ?

അമ്മു: ഉം............

പണിക്കർ: (ആലോചിച്ച്) അതു് ശരിയായിരിയ്ക്കാം. ആ ചെക്കൻ കാര്യം പറയുന്നോനാണെന്നാണ് കേട്ടിരിയ്ക്കുന്നതു്...........ഏതായാലും ഒന്നുകൂടി പോയിനോക്കാം. പോയിക്കണ്ടതുകൊണ്ടു് ദോഷമൊന്നും വരാനില്ലല്ലോ.

അമ്മു: ഇവരുടെ അടുത്തു സങ്കടം പറഞ്ഞതുകൊണ്ടു് ഗുണമുണ്ടാവില്ലാന്നാണ് ആളുകള് പറേണതു്. കാര്യസ്ഥൻ ശങ്കുനായര് തല്ലാൻ ചെന്നതിനെപ്പററി ഒരു ഹരജി കൊടുത്തതുകൊണ്ടാണത്രെ ആ വാസുനായരെ ജയിലിലടച്ചതു്.

പണിക്കർ: പച്ചക്കളവ്!........നിന്നോടിതാരു പറഞ്ഞു? അവൻ കമ്മ്യൂണിഷ്ടില് പെട്ടതുകൊണ്ടാണ് ജേലിലാക്കീതു്.

അമ്മു: അങ്ങനെയല്ലാത്രേ.

പണിക്കർ: നിന്നോടിതാരു പറഞ്ഞു? ആ വാസു പറഞ്ഞു പിടിപ്പിച്ചതല്ലേ? കഴുത! ഹും!........

അമ്മു: വാസു പറഞ്ഞു പിടിപ്പിച്ചതൊന്നുമല്ല, പാറുൻറ ആങ്ങള പറേണതു് കേട്ടതാണ്.

പണിക്കർ: എന്നാൽ ഞാൻ ആ പ്രഭയെ ഒന്നു കണ്ടു ചോദിയ്ക്കട്ടെ, അച്ചൻ പറഞ്ഞോന്നു്.

അമ്മു: (പരുങ്ങിക്കൊണ്ടു്) അച്ഛൻ ഓരോരുത്തരോടു അതു മിതുമൊന്നും ചോദിയ്ക്കാൻ നടക്കണ്ട. പാറുവിൻെറ ആങ്ങള പറേണതു കേട്ടെന്നു് എന്നോടു് തേരിലെ മീനാക്ഷി പറഞ്ഞതാണു്............

പണിക്കർ. 'കാട്ടു് അനങ്ങി; എലിയോ പുലിയോന്നു അറിഞ്ഞുകൂടാ'ന്നാണു് പെണ്ണു് പറേണതു്. കഴുത.... സങ്കടം പറഞ്ഞതുകൊണ്ടു് ഗുണോല്യെങ്കി വേണ്ട!. പറഞ്ഞുനോക്കിക്കൂടെ? അതിനെന്തു് ചേതം! നീ പോയി കുറച്ചു് പച്ചവെള്ളം എടുത്തു് കൊണ്ടുവായൊ! പൊകയില കൊള്ളില്ല; കയ്ക്കുന്നു! വായ വൃത്തിയാക്കട്ടെ. (അമ്മു അകത്തുന്നിന്നു് കിണ്ടിയിൽ പച്ചവെള്ളം എടുത്തുകൊടുക്കുന്നു. പണിക്കർ വായ് കഴുകി കട്ടിലിൻെറ അടിയിൽനിന്നു് കോളാമ്പി എടുത്തു് തുപ്പുന്നു).

അമ്മു: സങ്കടം പറഞ്ഞിട്ടു് ഒത്തില്ലെങ്കിൽ പിന്നെന്തു ചെയ്യും?

പണിക്കർ: ഒത്തില്ലെങ്കിൽ പിന്നത്തെ വഴി പിന്നെ നോക്കാം. നിനക്കെന്താ ഒരെടുത്തുചാട്ടം? ഒരു....ഒരു.... ഇരിയ്ക്കപ്പൊറുതില്യായ? ഏ? എട്ടാംമാസത്തിലല്ലല്ലോ നിന്നെ പ്രസവിച്ചതു്? പത്തുമാസം ക്ഷമയോടുകൂടി കിടന്നില്ലേ, വയററില്? ഏ?

അമ്മു: എനിയ്ക്കു് ഇരിയ്ക്കപ്പൊറുതില്യായൊന്നൂല്യ. കിടക്കുന്ന വീടു് ആരാനും കൊണ്ടുപോകരുതെന്നു് ഒരു വചാരമുണ്ടു്............

പണിക്കർ: ഓ ഓഃ നിയ്യൊരു തറവാട്ടമ്മ, എവിടെ നി
ന്നിറങ്ങിവന്നു, ഇപ്പോഠ? എടീ, നിന്നെ പത്തുപതി
നെട്ട വയസ്സാവുന്നതുവരെ പോററിവളൎത്തിയതു് ഈ
ഞാനാണു്, മനസ്സിലായോ? എനിയ്ക്കറിയാം, കാൎയ്യം
നോക്കാൻ........മേനോൻെറ അടുത്തുപോയിട്ടു് ഒത്തി
ല്ലെങ്കിൽ വേറെ വല്ലവഴിയുംഃനോക്കണം. ഒഴിഞ്ഞുകൊട്ട
ക്കണ്ടൊന്നു് പറയുന്നുണ്ടല്ലോ, ആ വാസു. അങ്ങിനെയൊ
ക്കെ ചെയ്യാൻ, സൂക്ഷിച്ചുവേണം. മനസ്സിലായോ?....
പോരായെങ്കിൽ കിണ്ണംവെയ്ക്കു്. രുചിയില്ല; എന്നാ
ലും വല്ലതു വാരിത്തിന്നട്ടെ.

(രണ്ടുപേരും അകത്തേയ്ക്കു പോകുന്നു.)

## രംഗം 9.

[കുഞ്ഞൻപണിക്കരുടെ വീട്ടിൽ അകത്തെ മുറി. സമയം ഉച്ചതിരിഞ്ഞു രണ്ടു മണി. ഒരു മരപ്പെട്ടി, കുറെ മുഷിഞ്ഞ വസ്ത്രങ്ങൾ, കീറപ്പായും തലയണയും. മത്തായിയുടെ വേലക്കാരൻ ചാക്കപ്പൻ മുറി വൃത്തിയാക്കുകയാണ്. ഒരു മുഷിഞ്ഞ ട്രൌസർ മാത്രം ധരിച്ചു, ഏതാണ്ടിരുപതു വയസ്സു പ്രായമായ ഒരു പയ്യൻ അന്തോണി മേൽനോട്ടം വഹിച്ചുകൊണ്ടു് നില്ക്കുന്നു.]

അന്തോണി: എടാ ചാക്കപ്പാ, ആ അഴുക്കുതുണിയും, പായയും പുറത്തെടുത്തിട്ട് കത്തിയ്ക്ക്. വല്ലാത്ത നാററം! (മൂക്കു പൊത്തുന്നു. ചാക്കപ്പൻ തുണിയും പായും എടുത്തു പുറത്തിടുന്നു). ആ പെട്ടീല്യ് എന്തൂട്ടാണ്ടാ, ചാക്കപ്പാ?

ചാക്കപ്പൻ: (പെട്ടി തുറന്നു നോക്കി) ഇതിലെന്തോ കർലാസും, പുസ്തകങ്ങളുമാണ്.

അന്തോണി: എന്തൂട്ട് പുസ്തകാടാ, ചാക്കപ്പാ? നോക്കട്ടെ: (ഒരു പുസ്തകംവാങ്ങി തപ്പിത്തപ്പി വായിയ്ക്കുന്നു) "എൻെറ.... സത്യാ........ന്വേഷണ........പരീ........ക്ഷകൾ............ മഹാത്മാ............ഗാ............ന്തി"...............പണിക്കരച്ചൻെറ പിള്ളേരുടെ പുസ്തകങ്ങളാണ്. ഒരുത്തൻ പണ്ട് കാങ്ക്രസ്സിർപ്പോയി ചത്തു........ഇതൊക്കെ വലിച്ചു മുററത്തിട്ട് തീ കൊടുക്ക്, ചാക്കപ്പാ! സ്ഥലം മുടക്കാൻ ഇവടെ വയ്ക്കുണ്ട. (ചാക്കപ്പൻ പുസ്തകങ്ങൾ വലിച്ചു വാരി പുറത്തിട്ട് കത്തിയ്ക്കുന്നു. അന്തോണി തൻെറ കയ്യിലുള്ള ഗാന്ധിജിയുടെ പുസ്തകം കൊടുത്തിട്ട്)ഇതും തീയ്യിലിട്ടേയ്ക്ക്!

ഈ പുസ്തകങ്ങള് വായിച്ച് പഠിച്ച് മനുഷ്യരാരെങ്കിലും ഇന്നേവരെ നന്നായിട്ടുണ്ടെന്ന് വല്ല രേഖയുമുണ്ടോടാ, ചാക്കപ്പോ? ആദമും അവ്വയും ഉണ്ടായതുമുതൽ തിന്നാനും പെണ്ണുകെട്ടാനുംവേണ്ടി എല്ലാവരും പ്രവർത്തിച്ചു. അതിനുവേണ്ടി ഓരോരുത്തരും മററുള്ളോൻെറ നെഞ്ഞത്തു കയറി. അല്ലാതെ പുസ്തകം വായിച്ച് ആരും നന്നായിട്ടില്ല. ഞാൻ പറഞ്ഞതില് വല്ല മിഷ്ടേക്കുണ്ടോ, ചാക്കപ്പോ?

ചാക്കപ്പൻ: അന്തോണ്യേട്ടൻ പറഞ്ഞതുതന്നെ കാര്യം.

അന്തോണി: പുസ്തകം വായിച്ച് അതുപോലെ നടക്കാൻ ശ്രമിച്ചവൻ വിഡ്ഢി! അല്ലെങ്കി ഈ പണിക്കരച്ചൻെറ മോൻെറ കഥതന്നെ ഒന്നു ആലോചിയ്ക്കു്, ചാക്കപ്പോ! നല്ലോരു ചെക്കൻ ഗാന്തിൻെറ പുസ്തകോം വായിച്ചു ജെയിലിപ്പോയി ചത്ത് കുടുംബം നശിപ്പിച്ചില്ലേ? എന്താ ചാക്കപ്പാ ഞാൻ പറഞ്ഞതില് വല്ല മിഷ്ടേക്കുണ്ടോ?

ചാക്കപ്പൻ: (മുറി അടിച്ചു വാരുന്നു; അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) അല്ലാ, അന്തോണ്യേട്ടാ, ഒരു കാര്യം ചെയ്യാനു........

അന്തോണി: എന്തൂട്ടാണ്ടാ, ചാക്കപ്പോ, അത്?

ചാക്കപ്പൻ: തന്തേം മോളേം ഇറക്കിവിടുമ്പോഴ് ഒരു പത്തുരുപേടെ കാശേങ്കിലും കൈയിലു വെച്ചുകൊടുക്കാനു........

അന്തോണി: നിയ്യ് പറഞ്ഞതില് മിഷ്ടേക്കില്യ. പാവങ്ങള്, ഒരു പത്തുറുപ്പടെകാശ് കൊടുക്കാനു. പക്ഷേ ഞാനെന്താ ചെയ്യാ? മുതലാളി പറഞ്ഞത് അനുസരി

ക്കലെല്ലേ എൻെറ പ്രവൃത്തി? മുതലാളി പറഞ്ഞു, അവ ററങ്ങളെ എറക്കിവിടാൻ; പറഞ്ഞതു് ഞാൻ ചെയ്തു.

ചാക്കപ്പെൻ: പാവങ്ങള്! പെരുവഴിയില് തെണ്ടിത്തിരിയുന്ന നേരത്തു് ഒരാപ്പ്ചായ മോന്താൻ കാശുണ്ടാവില്ല, കയ്യില്!

അന്തോണി: അവററങ്ങളെവിടെപ്പോയി, ചാക്കപ്പാ?

ചാക്കപ്പെൻ: ആ അമ്പലത്തിൻെറ അര്യത്ത് ഇരിപ്പുണ്ട്, മാനത്തേയ്ക്കു് നോക്കി.

അന്തോണി: അവററങ്ങളിനി എന്തു ചെയ്യാൻ പോകുന്നു?

ചാക്കപ്പെൻ: കർത്താവിന്നറിയാം!........

അന്തോണി: പെരുവഴി തെണ്ടലല്ലാതെ ഗതില്ല്യ.

ചാക്കപ്പെൻ: തന്ത, ആ കാങ്കരസ്സ്മേൻെറ അര്യത്ത് ആവലാതി പറയാൻ പോകാണെന്നു്.

അന്തോണി: (തല കുലുക്കുന്നു) പാവം! തന്തയ്ക്കു ഒന്നും അറീല്ല്യ.

ചാക്കൻ: ആളുകള് വല്ലാത്തതൊക്കെ പറേണൊണ്ടു്, അന്തോണ്യേട്ടാ.

അന്തോണി: എന്തൂട്ടാണ്ടാ, ആള്കള് പറേണത്?

ചാക്കപ്പെൻ: കെളവനേം പെണ്ണിനേം പെരുവഴി തെണ്ടിച്ചത് അക്രമാണെന്നു്.

അന്തോണി: ആരാണ്ടാ ഇത് പറഞ്ഞതു്?

ചാക്കപ്പെൻ: തറക്കലെ കുരിയൻ പറണത് കേട്ടു.

അന്തോണി: ആരെങ്കിലും, എന്തെങ്കിലും പറയട്ടെ. നീയതിലൊന്നിലും കൂടാൻ പോകണ്ടാ.

ചാക്കപ്പൻ: ഞാനൊന്നില്ല്യ, അന്തോണ്യേട്ടാ!

അന്തോണി: പാവങ്ങളെ ഇറക്കിവിടണ്ടാർന്നൂന്ന് തോന്നാണ്ണ്ട് എനിയ്ക്ക്. പക്ഷെ ഞാനെന്തുചെയ്യും? മൊതലാളി പറഞ്ഞതു അനുസരിയ്ക്കലല്ലേ നമ്മടെ തൊഴില്! ഞാനൊരു ഭാഗത്തൂല്ല്യ. മൊതലാളി പറഞ്ഞത് ഞാൻ ചെയ്തു. അതില് വല്ല മിഷ്ടേക്കുണ്ടോ ചാക്കപ്പാ?

ചാക്കപ്പൻ: അന്തോണ്യേട്ടൻ പറഞ്ഞതു് ശരിയാണ്.

അന്തോണി: (അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം) എടാ ചാക്കപ്പാ, നിയ്യ്, ഈ ചുമരിന്മേലത്തെ പൊടിയൊന്നടിയ്ക്ക്. എന്റെ കർത്താവെ, എന്തോരം പൊടിയാണ്! ആ പെണ്ണ്, ഇവിടെങ്ങും അടിയ്ക്കാറില്ലെന്നു തോന്നുന്നു! (ചാക്കപ്പൻ ചൂലെടുത്തടിയ്ക്കുന്നു) എന്നിട്ട് നിയ്യ് പുരയുംപൂട്ടി അങ്ങോട്ട് വായോ. ഞാൻ പോകട്ടെ.

[അന്തോണി പോകുന്നു; ചാക്കപ്പൻ ഏകാകിയായി പണി തുടരുന്നു.].

---

രംഗം 10.

(മത്തായിയുടെ വീട്ടിന്റെ ഉമ്മറം. മുൻരംഗത്തിലെ സംഭവങ്ങൾ നടന്ന അന്നുതന്നെ വൈകുന്നേരം 5 മണി. മത്തായി ചാരുകസേരയിൽ എന്തോ ആലോചിച്ചുകൊണ്ടു മലൎന്നു കിടക്കുന്നു. അന്തോണി, അയാളുടെ പുറകെ കുഞ്ഞൻപണിക്കർ, അമ്മു എന്നിവർ പ്രവേശിക്കുന്നു. കുഞ്ഞൻപണിക്കർ മേൽമുണ്ടു് അരയിൽ കെട്ടി, ആദരവോടെ നില്ക്കുന്നു. നിരാശ നിറഞ്ഞ മുഖം; വിയൎത്തൊലിച്ചിട്ടുണ്ടു്. അമ്മു ഒരു മുണ്ടും ബ്ളൗസും അതിനു പുറമേ മേൽമുണ്ടും ധരിച്ചിരിക്കുന്നു. അവളുടെ വിളറിയ മുഖത്തു് പകയും ദ്വേഷ്യവും കലൎന്ന ഭാവം കളിയാടുന്നുണ്ടു്. അമ്മു തന്റെ പിതാവിന്റെ പിറകിൽ ഒതുങ്ങി നില്ക്കുന്നു.)

മത്തായി: പണിക്കരച്ചോ, എനിയ്ക്കൊരു കാര്യം പറയാനുണ്ടു്. അന്തോണിയെ പറഞ്ഞയച്ചു വിളിപ്പിച്ചത് അതിനാണു്....

പണിക്കർ: (ആശയോടെ) എന്താണാവോ?

മത്തായി: എനിയ്ക്കു് പണിക്കരച്ചനോടു് യാതൊരു ദ്വേഷ്യവുമില്ല. പണിക്കരച്ചനെ കഷ്ടപ്പെടുത്താൻ ആഗ്രഹവുമില്ല.

അന്തോണി: അതു മുതലാളി പറയാതെതന്നെ പണിക്കരച്ചൻ മനസ്സിലാക്കണം. പണിക്കരച്ചൻ ഇന്നും ഇന്നലേയും മുതലാളിയെ കാണാൻ തുടങ്ങിയതല്ലല്ലോ! പത്തുകൊല്ലത്തെ പരിചയമുണ്ടു്. ഒരു കറുത്ത വാക്കു് മുതലാളീടെ വായിൽനിന്നു് വീണിട്ടില്ല! എന്താ, പണിക്കരച്ചോ, ഞാൻ പറഞ്ഞേല് വല്ല മിഷ്ടേക്കുണ്ടോ?

പണിക്കർ: മുതലാളിക്കെന്നോടു ദേഷ്യോല്യാന്ന് എനിക്കറിയാം....മുതലാളി എന്നെ രക്ഷിക്കണം!

മത്തായി: എന്നെക്കൊണ്ട് ആവുന്നതൊക്കെ ഞാൻ ഇനിയും ചെയ്യും....പക്ഷേ ഈ പണമിടപാട് തിക്കൊണ്ട് ആവില്ല. കൊല്ലം ഏഴായി. പുരയും പറമ്പും എന്റെ കൈവശമിരിക്കട്ടെ.... (പേഴ്സ് തുറന്ന് നൂറിന്റെ ഒരു നോട്ടെടുത്ത് പണിക്കരുടെ നേരെ നീട്ടിക്കാണിച്ചുകൊണ്ട്) ഈ റുപ്പാ കയ്യിലിരിക്കട്ടെ, പണിക്കരേച്ചോ! തല്ക്കാലം ബുദ്ധിമുട്ടു കൂടാതെ ജീവിക്കൂ........

[നോട്ടു കാണുമ്പോൾ പണിക്കരുടെ കണ്ണുകൾ വിടരുന്നു; ചുണ്ടുകളിൽ ഒരു പുഞ്ചിരിയുടെ നിഴൽ കളിയാടുന്നു. പണിക്കർ നോട്ടു വാങ്ങാൻ കൈ നീട്ടുന്നു. അമ്മു പെട്ടെന്ന് തന്റെ അച്ഛന്റെ കൈ തട്ടി നീക്കുന്നു.]

അമ്മു: നമുക്ക് വേണ്ടാ, അച്ഛാ, ഈ പണം!

പണിക്കർ: (അമ്മുവിന്റെ മുഖത്തെ രൂക്ഷഭാവം കണ്ട് സങ്കോചത്തോടെ കൈ വലിച്ചുകൊണ്ട് പിറുപിറുക്കുന്നു) വേണ്ടെങ്കിൽ വേണ്ടാ!

മത്തായി: (അത്ഭുതത്തോടും ദേഷ്യത്തോടും കൂടി അമ്മുവിന്റെ നേരെ നോക്കി വീണ്ടും പണിക്കരുടെ നേരെ തിരിഞ്ഞു) പണം വേണ്ടേ....വേണ്ടേ, പണിക്കരേച്ചോ?

അമ്മു: (പണിക്കർ ഒന്നും മിണ്ടാത്തതു കണ്ട്) ഞങ്ങൾക്ക് വേണ്ടാ!....

അന്തോണി: (അമ്മുവിന്റെ ധീരമായ നില കണ്ട് അത്ഭുതത്തോടുകൂടി) ഇതു ശരിയല്ല, പണിക്കരേച്ചോ! പാലു കൊടുത്ത കയ്യിന്മേൽ കടിക്കരുത്.

[പണിക്കർ തൻെറ ഊന്നുവടിയുടെ അഗ്രംകൊണ്ടു് താടിയും താങ്ങി, ദൃഷ്ടികറം ഉയർത്താതെ, നിശ്ശബ്ദനായി നില്ക്കുന്നു. അമ്മു, "നമുക്ക പോകാം, അച്ഛാ" എന്നു പറഞ്ഞു് പണിക്കരുടെ കൈ പിടിച്ചു വലിച്ചു കൊണ്ടുപോകുന്നു]

അന്തോണി: (മൂക്കത്തു് വിരൽ വെച്ചു്) ഹും! ആ പെണ്ണിൻെറ ഒരു വീശ്യം! ഞാൻ പണിക്കരച്ചനെ ചെന്നു വിളിച്ചു അനേരം തൊടങ്ങി പെണ്ണിൻെറ പിറുപിറുക്കല്!....ഹും!........പെണ്ണ് - നെലത്തുന്നിന്ന് പൊന്തീട്ടില്ല! എന്നിട്ടും അതിൻെറ ഒരു വീശ്യം!

മത്തായി: രണ്ടു ദിവസം കഞ്ഞി കഴിയ്ക്കാതിരിയ്ക്കുമ്പോറം വീശ്യം തനിയേ പോകും.

അന്തോണി: ഈ പെണ്ണിൻെറ 'ഗുട്ടൻസ്' എനിയ്ക്കറിയാം. അയൽപക്കത്തു് ഒരു തെണ്ടിച്ചെറുക്കനുമായിട്ടു് അവറംക്കു് ഒരു എടവാട്ടുണ്ടു്. അവൻെറ ഉപദേശമാണ് പെണ്ണിൻെറ തലേല്.

മത്തായി: എന്തെങ്കിലുമാകട്ടെ!....പോയി ചാകട്ടെ, നശിച്ച വർഗ്ഗം!

അന്തോണി: ഇനി ഏതായാലും മുതലാളീടെ പേരില് ആരും മിഷ്ടേക്കൊന്നും പറയില്ല. മുതലാളി കൊടുക്കേണ്ടതു് കൊടുത്തു. അവരത് ധിക്കരിച്ചു. ആ തന്ത കാങ്ക്രസ്സ്മേൻെറ അര്യത്ത് ആവലാധി പറയാൻ പോകാണ്ന്ന്.

മത്തായി: (തലയാട്ടി ചിരിച്ചുകൊണ്ടു്) പോയിവരട്ടെ!.... മേനോൻ ആട്ടിയോടിയ്ക്കും. തരമുണ്ടെങ്കിൽ കെളവൻെറ കയ്യീന്നു് പത്തു രൂപേടെ കാശ്ശും വസൂലാക്കും.

മേനോൻ! അയാളെന്തു വെളഞ്ഞ പുള്ള്യാണെന്നോ? പുള്ളി, ഈ എന്നെ ഒപ്പിച്ചെടാ, അന്തോണ്യേയ്!

അന്തോണി: അതെന്താ മുതലാളീ?

മത്തായി: ആ കാര്യമൊന്നും പറയേണ്ടാ. ഞാൻ അയാളോട്ട് ഒരു പഞ്ചസാരപ്പെർമിററ് വാങ്ങിത്തരണമെന്ന് പറഞ്ഞിരുന്നു. മന്ത്രിയുടെ അടുത്ത്ത് അയാക്ക് പറയാനാവില്ല്യ, വേറെ ഒരാളെക്കൊണ്ട് പറയിയ്ക്കാമെന്നും പറഞ്ഞ് എൻെറ കയ്യീന്ന് രണ്ടോഹരി—അയാക്കും, മര്യ്യസ്ഥനും പുള്ളി വാങ്ങിച്ചു, ഇല്ലാത്ത മദ്ധ്യസ്ഥനെപ്പററി കെട്ടുകഥ പറഞ്ഞു രണ്ടോഹരി തട്ടിത്തിന്നു! ഹും....അത് പക്ഷെ ഞാനീടാക്കിക്കൊള്ളാം. ഈ 'പുള്ള്'വൊന്നും മത്തായിയോടൊക്കില്ല്യ.

അന്തോണി: അമ്പട വിര! ഈ കണക്കിന്ന് കെളവനേം മോളേം വിററു കാശാക്കുലോ, പുള്ളി! (അല്പനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം) എററിയ്ക്ക് ആ തറയ്ക്കലെ കുരിയൻ പറേണതു കേട്ടപ്പോഠം വന്ന ഒരു ഈററ!

മത്തായി: എന്താടാ, അന്തോണ്യേയ്, ആ കുരിശ്ശ് പറേണത്?

അന്തോണി: തന്തേം പെണ്ണിനേം പൊരേന്ന് ഇറക്കി വിട്ടത് അക്രമാണെന്ന്!

മത്തായി: ഹു! പോകാൻ പറയെടാ, അവനോട്ട്. എന്നൊ മര്യാദ പഠിപ്പിയ്ക്കാൻ ഒരു പർമാണി വന്നിരിയ്ക്കുന്നു!....ഹും!....

അന്തോണി: തറയ്ക്കലെ കുര്യൻ ആദ്യം അവൻെറ നടപ്പ് നന്നാക്കട്ടെ! സോഷ്യലിഷ്ട് എന്നും പറഞ്ഞ്, പ

ള്ളീല് പോകാണ്ടിരിയ്ക്കുന്നോനാണ്, അവൻ. ഞാൻ പറഞ്ഞതില് വല്ല മിഷ്‌ടേക്കുണ്ടോ?

മത്തായി: ആരെങ്കിലും, എന്തെങ്കിലും പറയട്ടെ, അന്തോണ്യേയ്. അമ്മേനൊ തല്യോലും ഉണ്ടാവും രണ്ടു പക്ഷം.

അന്തോണി: എന്നാലും ഒരു ന്യായം വേണ്ടേ?.....ഈ കമ്യൂണിഷ്ടും മററും കൂടി എന്തെങ്കിലും 'പുക്കാറ്'ണ്ടാക്കോ, മുതലാളി?

മത്തായി: എന്തൂട്ട് 'പുക്കാറാ'ണ്ടാ? എനിയ്ക്ക് കിട്ടാനുള്ള വക വസൂലാക്കൻ പാടില്ലേന്നോ?

അന്തോണി: കടം വാങ്ങിച്ചാല് മടക്കിക്കൊടുക്കണ്ടാന്നല്ലേ, ഇവററങ്ങടെ വേദപുസ്തകത്തില് പറേണത്?

മത്തായി: അത്രയ്ക്കായിട്ടില്ല! കർത്താവിൻെറ പുണ്യം കൊണ്ട്, നാട്ടിലിപ്പോഴും ചോദിയ്ക്കാനാളുണ്ട്.

അന്തോണി: ആ പുരയും പറമ്പും പാട്ടത്തിന് കൊടുക്കാം, എന്താ?

മത്തായി: വേണ്ട, വേണ്ട; പാട്ടത്തിനൊന്നും കൊടുക്കേണ്ട. ഒഴിപ്പിക്കാൻ പാടില്ല. ധിരാവകാശം, മണ്ണാങ്കട്ട എന്നൊക്കെ നേമോം, കുന്തോം നടക്കുന്ന കാലം.

അന്തോണി: അതു ശരിയാണ്. പാട്ടത്തിനു കൊടുക്കുന്നതു് മിഷ്ടേക്കാണ്.

മത്തായി: നിയ്യ് പോയി പുര വൃത്തിയാക്കി പൂട്ടി വായോ. കുറച്ചു കാലം അങ്ങനെ കെടക്കട്ടെ.

[അന്തോണി പോകുന്നു]

---

## രംഗം 11.

(മൂൻരംഗത്തിലെ സംഭവങ്ങൾ നടന്ന ദിവസംതന്നെ. സമയം സന്ധ്യ. ക്ഷേത്രപരിസരം. അമ്മുവും വാസുവുംകൂടി സംസാരിച്ചുകൊണ്ട് നില്ക്കുന്നു. അമ്മുവിൻെറ മുഖം വിളറിയിട്ടുണ്ട്. വാസുവിൻെറ കണ്ണുകളിൽ അനുഭാവവും സ്നേഹവും നിറഞ്ഞ നോട്ടം കലൎന്നിരിക്കുന്നു.)

അമ്മു: ആ കഴുകൻ ഒരു നൂറിൻെറ നോട്ടെടുത്ത് അച്ഛൻെറ നേരെ നീട്ടി. എനിയ്ക്കുതു് കണ്ടപ്പോഴുണ്ടായ കലി!

വാസു: എന്നിട്ടോ?

അമ്മു: അച്ഛൻ അതു വാങ്ങാൻ കൈനീട്ടി. ഞാനൊരു തട്ടുകൊടുത്തു!

വാസു: അതു നന്നായി!

അമ്മു: അല്ലാന്ന്! ഒരു പെരേം പറമ്പും ഉണ്ടാൎന്നതു് പോയില്ലേ? ഇനി അവൻെറ ഈ നൂറുതൊലി വാങ്ങ്യാല് ആയുഷ്ക്കാലം കഴിയില്ലല്ലോ.

വാസു: അച്ഛനെന്തു പറഞ്ഞു?

അമ്മു: അച്ഛൻ ആ പണ്ടാരക്കാലനെ കാണാൻ പോയിക്ക്യാണ്. എന്നെ വിളിച്ചു. ഞാനില്ലാന്നു് പറഞ്ഞു.

വാസു: ആരെക്കാണാൻ?

അമ്മു: ആ കരുണാകരമേനോനെ.

വാസു: അവൻെറ പടിയ്ക്കൽ പാടുകിടക്കല് ഇനിയും നിൎത്തിയിട്ടില്ലേ?

അമ്മു: എത്ര പറഞ്ഞാലും ചെവീല് കേറണ്ടെ? അന്നൊരിയ്ക്കൽ പോയിട്ടു് ആളെ കണ്ടില്ല. ഒന്നുകൂടിപോയി

ശ്രമിയ്ക്കാമെന്നും പറഞ്ഞു് പോയതാണ്. ഞാനെത്ര പറഞ്ഞു, വീടു ഒഴിഞ്ഞു കൊടുക്കണ്ടോ, ഒഴിഞ്ഞുകൊടുക്കണ്ടോന്നു്. 'കഴുതേ,' 'ഏഃ൦' എന്നു വിളിച്ച് എൻെറ നേരെ ചാടിക്കടിക്കും. അച്ഛൻെറ ശ്രമം കഴിഞ്ഞു വരട്ടെ.

വാസു: ഉം, ഉം, പോയി തന്നത്താൻ ബോദ്ധ്യപ്പെട്ടു വരട്ടെ.

അമ്മു: (ദൂരത്തേയ്ക്കു് നേക്കി). അതാ വരുന്നു, അച്ഛൻ.

വാസു: എന്നാൽ ഞാൻ പോകട്ടെ........

അമ്മു: എന്നാൽ ഞാൻ പോകട്ടെ........

അമ്മു: എന്താ പോണത്?

വാസു: ഞാനിവിടെ നിന്നാൽ അമ്മൂൻെറനേരെ ചാടിക്കടിച്ചാലോ?

അമ്മു: ഓ! അതു് സാരല്യ.

(കുഞ്ഞൻപണിക്കർ വടിയും കുത്തിപ്പിടിച്ചുകൊണ്ടു് പ്രവേശിയ്ക്കുന്നു. ഒരു അലക്കിയ മുണ്ടുടുത്തു്, മറെറാന്നു് ചുമലിൽ ഇട്ടിട്ടുണ്ടു്. പതിവുപോലെ ഭസ്മക്കുറിയും, ചന്ദനക്കുറിയുമുണ്ടു്. മുഖം ക്ഷീണിച്ച് വിളർത്തിരിക്കുന്നു. പണിക്കർ പ്രവേശിച്ച് "ഹാവൂ വയ്യ" എന്നു പറഞ്ഞുകൊണ്ടു് ആലിൻെറ വേരിന്മേൽ ഇരിക്കുന്നു)

പണിക്കർ: (വാസുവിൻെറ നേരെനോക്കി) ആരാണതു്?.... വാസുവല്ലേ.........

വാസു: അതെ.

പണിക്കർ: എന്താ, ഇവിടെ ഇങ്ങനെ നില്ക്കുണതു്?

വാസു: ഒന്നൂല്യ! അമ്മു തനിയെ നില്ക്കുന്നതു കണ്ടപ്പോൾ എന്താണെന്നു നോക്കാൻ പോന്നതാണ്.

പണിക്കർ: വാസൂനെ കണ്ടതു് നന്നായി! ഞാൻ കാണ ണാമെന്നു് വിചാരിക്ക്യാൻറു. (അമ്മുവും വാസുവും അർത്ഥ ഗർഭമായി പരസ്പരം നോക്കുന്നു)

അമ്മു: നമുക്കു് കിടക്കാൻ പൊരേല്ല്യാണ്ടായ സ്ഥിതിയ്ക്കു് ഇനി വാസുനായരുടെപോലെ ജേലിപ്പോയിത്താമസി ച്ചാലെന്താ, അച്ഛാ?

പണിക്കർ: ഛെ, കഴുതേ! തുടങ്ങി, തുടങ്ങി, പെണ്ണിൻെറ ഏടുത്തുചാട്ടം! അത്രയ്ക്കൊന്നും ആയിട്ടില്ല്യ, കേട്ടോ........ ഹും! (അല്പനേരത്തേയ്ക്കു നിശ്ശബ്ദത. പണിക്കർ വാസുവിൻെറ നേരെ തിരിഞ്ഞു്) അല്ല്യാ, വാസേപ്പാ, എൻെറ പൊര ജപ്തിചെയ്ത വിവരം അറിഞ്ഞോ?

വാസു: അറിഞ്ഞു.

പണിക്കർ: ആരു പറഞ്ഞു?

വാസു: അമ്മു പറഞ്ഞു.

പണിക്കർ: കാലം നന്നല്ല. അമ്മൂൻെറ ജാതകത്തില് 'കേതു' എന്നു പറഞ്ഞോൻെറ നില്പ് അഷ്ടമത്തിലാ ണു്. പിന്നെ തട്ടത്താൽ നില്ക്കുമോ?

അമ്മു: (മുഖം വീർപ്പിച്ചുകൊണ്ടു്) എന്തുണ്ടായാലും അച്ഛൻ, 'തലേലെഴുത്തു്' 'തലേലെഴുത്തു്' എന്നു പറഞ്ഞോണ്ടി രുന്നാൽ വല്ലതും നടക്ക്വോ?

പണിക്കർ: അല്ല്യാടീ അമ്മൂ, ഞാൻ ചോദിയ്ക്കട്ടെ, നി ൻെറ തലേലെഴുത്തു് ചീത്തയായാലും 'നന്നു്' എന്നു ഞാൻ പറയണോ?

അമ്മു: എൻെറ തലേലെഴുത്തു് ചീത്തയാവട്ടെ, നന്നാവ ട്ടെ; എനിക്കൊന്നൂല്ല്യ! (മൂക്കത്തു് വിരൽവെച്ചുകൊണ്ടു്)

പൊര കഴിപ്പിക്കാൻ വരുമ്പോൾ കയ്യുംകെട്ടിയുന്ന് തലേലെഴുത്താണെന്ന് പറഞ്ഞാൽ എന്താ ചെയ്യാ?

പണിക്കർ: ഞാൻ കയ്യുംകെട്ടി ഇരിയ്ക്കായിരുന്നോടി? ഇത് നല്ല കൂത്ത്! അതിനല്ലേ, ഞാനാ മേനോൻെറ അടുത്തു പോയത്?

അമ്മു: പോയിട്ടെന്തായി?

പണിക്കർ: (ഭാവം മാറി) അവനൊരു ശപ്പനാണ്! ഈ കാര്യവും പറഞ്ഞ് അങ്ങോട്ട് ചെല്ലണ്ടാത്രേ! പട്ടിക്കള്ളൻ! ഇവററങ്ങളെ ഒക്കെയല്ലേ, ഗാന്ധി സൃഷ്ടിച്ചുവിട്ടുന്ന് പറേണത്? വല്ലാത്ത സൃഷ്ടി, എൻെറപ്പാ! ഹ്ഹും! വല്ലാത്ത സൃഷ്ടി!

അമ്മു: ഞാനിത് മുമ്പേ പറഞ്ഞില്ലേ, അച്ഛാ?

പണിക്കർ: നിയ്യ് പറയാതെ തന്നെ എനിക്കറിയാം....എന്നാലും ഒന്നു പറഞ്ഞു നോക്കീതാണ്.

അമ്മു: ഈ നേരംകൊണ്ടു വേറെ എന്തെങ്കിലും ചെയ്തേന്നെങ്കിൽ!........

പണിക്കർ: കഴിഞ്ഞതു് കഴിഞ്ഞില്ലേ? ഇനി പറഞ്ഞിട്ടെന്താ കാര്യം? ചത്ത കുട്ടീടെ ജാതകം നോക്കാറുണ്ടോ? (വാസുവിൻെറ നേരെ തിരിഞ്ഞു്) ഇനി മേലാക്കത്തേയ്ക്കു എന്താ ചെയ്യാ, വാസു? നിൻെറ അഭിപ്രായമെന്താ?

അമ്മു: (ഇടയ്ക്കു കയറി) എന്താ ചെയ്യാ?പൊരേല് കയറി താമസിക്ക്യാ!

---

## രംഗം 12.

(കുഞ്ഞൻപണിക്കരുടെ വീട്ടിൻെറ ഉമ്മറം. ആൾക്കൂട്ടം അവിടെ കൂടിയിരിക്കുന്നു. മുമ്പിൽ കുഞ്ഞൻപണിക്കർ, വാസു അമ്മു, മത്തായി, കരുണാകരമേനോൻ എന്നിവർ നില്ക്കുന്നുണ്ട്. ക്ഷോഭജനകമായ അന്തരീക്ഷം.)

മേനോൻ. (വാസുവിനേയും പണിക്കരേയും അഭിമുഖീകരിച്ചു കൊണ്ട്) നിങ്ങൾ വെറുതെ കുഴപ്പമുണ്ടാക്കണ്ടാ. ശാന്തമായിട്ട് കാര്യം തീർക്കാമല്ലോ.

പണിക്കർ: ഞാനൊരു കുഴപ്പത്തിനുമില്ല, ഏമ്മാനേ! കാര്യമൊന്നു നേര്യാക്കിത്തന്നാമതി.

അമ്മു: (പണിക്കരെ വിരൽകൊണ്ട് കുത്തി) അച്ഛനൊന്നു മിണ്ടാണ്ടിരിയ്ക്കുന്നു്........

വാസു: (മുമ്പിൽ കയറിനിന്നു്) മത്തായിമാപ്ല പുര വിട്ടു കൊടുക്കണം.

മേനോൻ: മി. മത്തായിക്ക് ഇതു കിട്ടണമെന്നു് യാതൊരു നിർബന്ധവുമില്ല, അദ്ദേഹത്തിൻെറ പണം കിട്ടിയാൽമതി.

മത്തായി: പണം തരില്ലാന്ന് പറഞ്ഞപ്പോഴല്ലേ, ഞാൻ വീട്ട് ജപ്തിചെയ്തത്?

പണിക്കർ: പണം തരില്ലാന്ന് ആരു പറഞ്ഞു, മൊതലാളീ?

മത്തായി: പണിക്കരച്ഛനങ്ങനെ പറഞ്ഞില്ലേ?

പണിക്കർ: എന്റെ ഗുരുവായൂരപ്പാ! ഞാൻ മനസാ, വാചാ, കർമ്മണാ അതു പറഞ്ഞിട്ടില്ല. മുതലാളി എന്തിന് ഇല്ലാത്തത് പറഞ്ഞുണ്ടാക്കുന്നു?

മത്തായി: പണിക്കരച്ചൻ എന്നോടങ്ങനെയല്ലേ, അന്നു പറഞ്ഞത്?

പണിക്കർ: (വായ് പിളർന്നുകൊണ്ട്) എന്ന്?

മത്തായി: അന്നെന്റെ വീട്ടിൽ വന്നപ്പോഴ്........

പണിക്കർ: പണം തരില്ലാന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. കടം വാങ്ങിയ പണം തരില്ലാന്ന് ആരെങ്കിലും പറയുമോ?

മത്തായി: അങ്ങിനെ പറയുന്നവരുമുണ്ട്, നാട്ടിൽ.

പണിക്കർ: എന്നാൽ ഞാനങ്ങിനെ പറഞ്ഞിട്ടില്ല. കടം വീട്ടാം, അതിനു അല്പം സമയം തരണം എന്നേ ഞാൻ പറഞ്ഞുള്ളു. മുതലാളി തെററിദ്ധരിച്ചതാണ്.

മത്തായി: ആയിരിയ്ക്കാം.

മേനോൻ: കഴിഞ്ഞതൊക്കെ പോകട്ടെ (പണിക്കരോട്) കാരണവര് പുരയിൽ താമസിച്ചോളൂ. മത്തായിമാപ്ലയ്ക്ക് പണംകൊടുത്താൽ മതി.

പണിക്കർ: അത് ചെയ്യാമെന്ന് ഞാൻ പറഞ്ഞില്ലേ?

വാസു: മത്തായിമാപ്ല പറയുന്ന സംഖ്യ മുഴുവൻ കൊടുക്കാനാവില്ല........

മത്തായി: നോട്ടുപ്രകാരമുള്ള സംഖ്യയും പലിശയും കിട്ടിയാൽ മതി.

വാസു: അത് തരില്ല.

മത്തായി: (മേനോന്റെ നേരെ തിരിഞ്ഞു്) കണ്ടില്ലേ, മേനോനേ, കടം വാങ്ങിയ മുതല് തരില്ലാന്ന് പറേണത്.

പണിക്കർ: (വാസുവിനോട്) അതെന്താ വാസു, അങ്ങനെ പറേണത്?

അമ്മു: (പണിക്കരെ വിരൽകൊണ്ട് തോണ്ടി) ഒന്നു മിണ്ടാണ്ടിരിയ്ക്കൂ, അച്ഛാ.

വാസു: വാങ്ങിച്ച മുതല് തരും. പക്ഷേ കള്ളക്കണക്ക് എഴുതിയത്തു തരില്ല.

മത്തായി: അതെന്താ, ഹേ, കള്ളക്കണക്ക്?

വാസു: എണ്ണൂറു ഉറുപ്പികയ്ക്ക് നോട്ടെഴുതി. അറുന്നൂറു ഉറുപ്പികയേ കയ്യിൽ കൊടുത്തിട്ടുള്ളു. അതിന്നുതന്നെ അഞ്ഞൂററി ചില്ല്വാനം ത്രുപ പലിശയും! ഈ വെളവ്, ഇനി ചെലവാവില്ല, മത്തായിമാപ്ലേ! (ആരും മിണ്ടുന്നില്ല. പണിക്കർ ഇടയ്ക്കു കടന്ന് എന്തോ പറയാൻ ശ്രമിക്കുന്നു. അമ്മു പിന്നോട്ടു പിടിച്ചുവലിക്കുന്നു.) വാങ്ങിച്ച മുതൽ മടക്കിത്തരും; ഒരു കൊല്ലം സമയം കിട്ടണം. ഇത് സമ്മതമല്ലെങ്കിൽ നിങ്ങടെ പാട് നിങ്ങാം നോക്കിൻ; ഞങ്ങടെ പാട് ഞങ്ങാം നോക്കിക്കൊള്ളാം.

മേനോൻ: (വാസുവിനോട്) ഹേ, മിസ്റ്റർ........നിങ്ങളുടെ പേരെന്താണ്?

വാസു: വാസുദേവൻ നായർ.

മേനോൻ: മി: വാസുദേവൻനായർ, മത്തായിമാപ്ലയ്ക്ക് (പണിക്കരേയും അമ്മുവിനേയും ചൂണ്ടിക്കാണിച്ച്) ഈ കാരണവരോടും, കുട്ടിയോടും യാതൊരു ദേഷ്യവുമില്ല. ഏഴു കൊല്ലം ഇവക്കുവേണ്ടി അദ്ദേഹം കാത്തിരുന്നു. ഇനി ഒരു കൊല്ലവുംകൂടി കാത്തിരിയ്ക്കാൻ അദ്ദേഹത്തിന്ന് യാതൊരു വിരോധവുമുണ്ടാവില്ല. സംഖ്യയിലെ

ന്തെങ്കിലും കുറവു ചെയ്യുതരും. വെറുതെ ബഹളം കൂട്ട ണ്ട............ആളുകഠം പിരിഞ്ഞുപോകിൻ. എന്തിന് ക്ഷുക്കം വിളിയും കൂട്ടുന്നു? ആ കാരണവര് സൈ്വരമാ യിരിക്കട്ടെ.......(മത്തായിയോട്) നമുക്ക് പോകാം മ ത്തായിമാപ്ലേ.

(മത്തായിയും മേനോനും പോകുന്നു. ആഠംക്കൂട്ടം മുദ്രാവാ ക്യങ്ങഠം വിളിച്ചുംകൊണ്ട് പിരിഞ്ഞുപോകുന്നു. കുഞ്ഞൻപണി ക്കരും അമ്മുവും വാസുവുംമാത്രം ശേഷിക്കുന്നു)

പണിക്കർ: ഹാവൂ!.......ഒരിത്തില് ഒന്ന് ഇരിക്കട്ടെ. (കട്ടിലിന്മേൽ ഇരിയ്ക്കുന്നു.) വല്ലാത്തൊരു തളച്ച.......ശ്, ശ്! എല്ലാം ശുഭമായിട്ട് കഴിഞ്ഞുകൂടി, അല്ലേ, വാസൂ?

വാസു: അതേ.

പണിക്കർ: ആദ്യം ഞാൻ വിചാരിച്ചു, എന്തൊക്കെ ആ പത്താണ്, ഉണ്ടാവുകാ എന്ന്. ഒന്നുല്യാണ്ട് കഴിഞ്ഞു കൂടി, എൻെറ ജഗദീശ്വരാ!

വാസു: ആ മേനോൻ ഇടയ്ക്ക് ചാടിവീണിരുന്നില്ലെങ്കിൽ എല്ലാവരുംകൂടി മത്തായിമാപ്ലേടെ കണ്ണിൻെറ 'സിൽ വർ' അടിച്ചുകളയുമായിരുന്നു! മേനോന് തഞ്ചത്തിന് നിന്ന് ആളെപ്പററിക്കാനറിയാം.

പണിക്കർ: നമ്പ് ഞാൻ മത്തായിമാപ്ലേടെ കാലുപിടിച്ച് ഇരന്നു. ആ മേനോൻെറ പടിക്കല് രണ്ടുതവണ പോ യി കാവല് കിടന്നു. എന്നിട്ട് തിരിഞ്ഞുനോക്കിയില്ല. ഇപ്പോഠം തിക്കംതിരക്കമായിന്ന് വന്നപ്പോഠം ചെററ കള്, പറേണത് കേട്ടില്ലേ? എന്തൊരു മര്യാദയും വി വേകവും!

വാസു: അതങ്ങിനെയാണമ്മാവാ!

പണിക്കർ: എനിയ്ക്കു മനസ്സിലായി. മനസ്സിലായി. കരയുന്ന കുട്ടിയ്ക്കേ എരയുള്ളൂ.

അമ്മു: എനിയ്ക്ക് ആ മത്തായിമാപ്ലേടെ നീളൻകുപ്പായം കാണുമ്പോൾ വരുന്ന ഒരു കലി!.......ഹും!.....എൻെറ ആങ്ങള കാങ്ക്രസ്സില് ചേന്ന് ജേലിലാന്നപ്പോൾ ഇവൻ ഇവിടെ കച്ചോടം ചെയ്ത് പണമുണ്ടാക്കാന്റ. എന്നിട്ടിപ്പോൾ നല്ലകാലം വന്നൂന്നു കണ്ടപ്പോൾ അവനും കാങ്ക്രസ്സാത്രെ!

പണിക്കർ: എടി അമ്മൂ, പത്തുപതിനഞ്ച് കൊല്ലംമുമ്പ് ഈ മത്തായിമാപ്ല രണ്ടുപ്പും നാലു് മൊളകും ഒരു കുശിനിപ്പെരേല് വച്ച് വിറേറന്ന ഒരു എരപ്പാളിയായിരുന്നു. അവൻ തടിച്ച തടിയ്ക്കല്!........ഇവററങ്ങൾക്ക സ്ഥാനം കിട്ടാനും പണോണ്ടാക്കാനും കാങ്ക്രസ്സ് എന്നും പറഞ്ഞ് പാവപ്പെട്ടോരടെ പിള്ളേരെ ജേലിലയച്ചു, അതാണുണ്ടായത്. അല്ലേ, വാസൂ?

വാസു: അതങ്ങിനെത്തന്നെയാണ്. ഇനി പാവപ്പെട്ടവക്ക വല്ലതും ഗുണം ഉണ്ടാവണമെങ്കിൽ അവര് വേറെ വല്ലതുമൊക്കെ ചെയ്യണമെന്ന നിലയാണ്........

പണിക്കർ: എനിയ്ക്കിപ്പഴാണ് മനസ്സിലായത്, എൻെറ വാസൂ! ഹും!........ആ ചെററ പറേണതു കേട്ടില്ലേ? ഞാൻ വാങ്ങിച്ച മൊതല് കൊടുക്കില്ലാന്ന് പറഞ്ഞിട്ടാണത്രെ പൊര ജപ്തി ചെയ്തത്. വാസൂ, ഞാൻ മനസാ, വാചാ, കമ്മണാ അറിഞ്ഞിട്ടില്ല. ഞാൻ അങ്ങനെ ഒരു വാക്ക മിണ്ടീട്ടില്ല!

വാസു: ചെററകളാണമ്മാവാ! കാശ്ശു കിട്ടാൻ എന്തുംചെ യ്യും, ഏതു നുണയും പറയും!

പണിക്കർ: ഹാവൂ! എന്നാലും എല്ലാം ശുഭമായിട്ട് കഴി ഞ്ഞല്ലോ............കാര്യത്തിൻെറ കിടപ്പ് മനസ്സിലായ പ്പോഠം, വാസൂ, എനിക്ക് ഒന്നു നിവന്നു നില്ക്കാറായതു പോലെ തോന്നുന്നു........വാസൂ, നിയ്യിനി ഇവിടെ താ മസിച്ചോളൂ. എന്താ അമ്മൂ? (അമ്മു അധോമുഖിയായി നി ല്ക്കുന്നു.) ഇവിടെ കാര്യം നോക്കാൻ ഒരാൺകുട്ടിയി ല്ലല്ലോ.

വാസു: അമ്മാവൻെറ ഇഷ്ടംപോലെ.

പണിക്കർ: എന്നാ അങ്ങിനെ ചെയ്യാം........എടീ, അമ്മൂ ഞാനൊന്നു കുളിയ്ക്കട്ടെ ഇത്തിരി എണ്ണയും ഒരു തോ ർത്തും തായോ........

— കർട്ടൻ —

[library stamp]

# നിവർന്നു നില്ക്കാറായി

(ഒരു നാടകം)

1737
1299

NATIONAL BOOK STALL
TRIVANDRUM-1

വി. ടി. ഇന്ദുചൂഡൻ